# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുദാക്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAD/TVM/1749GP10/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 12/01/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുദാക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAD/TVM/1749GP10/2021 തീയ്യതി: 12/01/2022

# തിരുവനന്തപുരം ജില്ലയിലെ മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 50 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 06-11-2021 | 12-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-11-2021 | 12-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലതാകുമാരി.എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ).
ശ്രീമതി ലിഷ.കെ.വി, അസി. ഓഡിറ്റ് ഓഫീസർ.
ശ്രീമതി ശാലിനി.വി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ.

ശ്രീമതി സീന.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ.
ശ്രീമതി കല.പി, ഓഡിറ്റർ.
ശ്രീമതി അമലദേവ്, ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി..വിജയകുമാരി.ആർ.എസ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.രാജേഷ്.എസ്.എസ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.റെമോള.എം | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ.മാത്യൂസ് കോശി | കൃഷി ഓഫീസർ | 01-04-2019 | 12-03-2020 |
| ശ്രീമതി.അനുചിത്ര.വി.എൽ | കൃഷി ഓഫീസർ | 13-03-2020 | 31-03-2020 |
| ഡോ.ഡാലിയ എം.ജി | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.സുസ്മിത കെ.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 04-09-2019 |
| ശ്രീ.പ്രഭുലാൽ.ആർ.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 05-09-2019 | 26-12-2019 |
| ശ്രീമതി.ബീന.പി.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 27-12-2019 | 31-03-2020 |
| ശ്രീ.സുബി സുകുമാരൻ | വി.ഇ.ഒ 1 | 01-04-2019 | 31-03-2020 |
| ശ്രീമതി.രജിത.റ്റി | വി.ഇ.ഒ 2 | 01-04-2019 | 31-03-2020 |
| ഡോ.ബിസിനി,എസ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ.ബി.രാജശ്രീ | മെഡിക്കൽ ഓഫീസർ(ഹോമിയോ))) | 01-04-2019 | 17-11-2019 |
| ഡോ.വിനീത.എൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ))) | 18-11-2019 | 31-03-2020 |
| ശ്രീ.ഷംനാദ്.ജെ | അസി.എഞ്ചിനീയർ | 01-04-2019 | 30-07-2019 |
| ശ്രീമതി.അൽക്ക.എസ് | അസി.എഞ്ചിനീയർ | 31-07-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി.ഗീതാകുമാരി കെ.കെ | ഹെഡ് മാസ്റ്റർ (ഗവ.എൽ.പി.എസ് .ചെമ്പൂര്) | 01-04-2019 | 31-03-2020 |
| ഡോ.മെരി ഷൈനി റ്റി കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.ലക്ഷ്മി.ജി.ജി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 23-09-2019 |
| ഡോ.അശിൻ രാജ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 24-09-2019 | 16-12-2019 |
| ഡോ.ലക്ഷ്മി.ജി.ജി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 17-12-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: KALA P. (Auditor, On 13-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 22-12-2021) | 1-1 |
| 2 | ബഡ്ജറ്റിൽ വകയിരുത്താതെയും ബഡ്ജറ്റിനെ അധികരിച്ചും ചെലവു ചെയ്തിട്ടുണ്ട്<br>Written By: KALA P. (Auditor, On 15-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 22-12-2021) | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക<br>Written By: Shalini V K (Senior Grade Auditor, On 15-11-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-12-2021) | 1-2 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Shalini V K (Senior Grade Auditor, On 16-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 22-12-2021) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Shalini V K (Senior Grade Auditor, On 16-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 23-12-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Shalini V K (Senior Grade Auditor, On 16-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 22-12-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Lisha.K.V (Asst. Audit Officer, On 19-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 22-12-2021) | 1-6 |
| 8 | ജി എസ് ടി ,ആദായ നികുതി എന്നിവ കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടില്ല<br>Written By: Lisha.K.V (Asst. Audit Officer, On 18-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 22-12-2021) | 1-6-1 |
| 9 | ക്ഷേമ പെൻഷനുകൾ<br>Written By: KALA P. (Auditor, On 18-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 22-12-2021) | 1-7 |
| 10 | പെൻഷൻ മരണ ശേഷവും വിതരണം ചെയ്തതായി കാണുന്നു.<br>Written By: KALA P. (Auditor, On 15-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 23-12-2021) | 1-7-1 |
| 11 | പെൻഷൻ രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല.<br>Written By: KALA P. (Auditor, On 15-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 23-12-2021) | 1-7-2 |
| 12 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം<br>Written By: Lathakumari M (Audit Officer, On 19-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 22-12-2021) | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം<br>Written By: Lathakumari M (Audit Officer, On 16-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 23-12-2021) | 1-9 |
| 14 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Amala Dev (Auditor, On 16-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 22-12-2021) | 1-10 |

| | | |
|---|---|---|
| 15 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ.<br>Written By: Amala Dev (Auditor, On 16-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 22-12-2021) | 1-10-1 |
| 16 | സാംഖ്യ രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Amala Dev (Auditor, On 16-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 22-12-2021) | 1-10-2 |
| 17 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ സേവനങ്ങൾക്കും വിറ്റുവരവ് രേഖപ്പെടുത്താതെ ലൈസൻസ് ഫീസ് കണക്കാക്കിയിരുന്നു<br>Written By: KALA P. (Auditor, On 15-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 22-12-2021) | 1-11 |
| 18 | പെർമിറ്റ് ഫീസ് കൂടുതൽ ഈടാക്കി<br>Written By: KALA P. (Auditor, On 15-11-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-12-2021) | 1-12 |
| 19 | തൊഴിൽനികുതി അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 16-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 22-12-2021) | 1-13 |
| 20 | വസ്തു നികുതി- അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 16-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 23-12-2021) | 1-14 |
| 21 | മരാമത്ത് ഗുണഭോക്തൃ കമ്മിറ്റി നിർവ്വഹിച്ച പ്രവൃത്തി -അപാകങ്ങൾ<br>Written By: Lathakumari M (Audit Officer, On 16-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 23-12-2021) | 1-15 |
| 22 | സമഗ്ര നെൽകൃഷി വികസനം -രേഖകൾ ഹാജരാക്കിയില്ല -ചെലവ് തുക 244320/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Lisha.K.V (Asst. Audit Officer, On 17-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 22-12-2021) | 1-16 |
| 23 | ഗ്രോ ബാഗ് വിതരണം അപാകങ്ങൾ<br>Written By: Lisha.K.V (Asst. Audit Officer, On 17-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 22-12-2021) | 1-17 |
| 24 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ -അംഗീകാരം നേടാതെ പ്രവർത്തിക്കുന്നു<br>Written By: Lisha.K.V (Asst. Audit Officer, On 17-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 22-12-2021) | 1-18 |
| 25 | എസ്.എൽ.ബി.പി തുകയുടെ വിനിയോഗം ഉറപ്പ് വരുത്തേണ്ടതാണ്.<br>Written By: Zeena K (Senior Grade Auditor, On 14-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 22-12-2021) | 1-19 |
| 26 | ലൈഫ് ഭവന പദ്ധതി - യഥാസമയം പദ്ധതി പൂർത്തീകരിച്ചിട്ടില്ല.<br>Written By: Zeena K (Senior Grade Auditor, On 15-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 22-12-2021) | 1-20 |
| 27 | കോഴിയും കൂട്ടും പദ്ധതി- വിതരണ വിവരം ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Zeena K (Senior Grade Auditor, On 15-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 23-12-2021) | 1-21 |
| 28 | എ.ബി.സി പ്രോഗ്രാം -അപാകതകൾ - 4,20,000/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Zeena K (Senior Grade Auditor, On 15-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 23-12-2021) | 1-22 |
| 29 | ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻസംയുക്ത പരിശോധന | 1-23 |

| | | |
|---|---|---|
| | നടത്തേണ്ടതാണ്.<br>Written By: Lathakumari M (Audit Officer, On 16-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 22-12-2021) | |
| 30 | KWA, KSEB നിർവ്വഹിച്ച പദ്ധതികൾ-അപാകങ്ങൾ.<br>Written By: Lathakumari M (Audit Officer, On 16-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 22-12-2021) | 1-24 |
| 31 | പഞ്ചായത്തിനു ദാനം കിട്ടിയ ഭൂമി അസറ്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.<br>Written By: Lathakumari M (Audit Officer, On 16-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 22-12-2021) | 1-25 |
| 32 | വാഹനപരിപാലനം-അപാകങ്ങൾ<br>Written By: Lathakumari M (Audit Officer, On 16-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 22-12-2021) | 1-26 |
| 33 | ഘടകസ്ഥാപനങ്ങൾക്ക് ISO സർട്ടിഫിക്കേഷൻ പുതുക്കൽ -പദ്ധതി നടത്തിപ്പ് ഏക പക്ഷീയം.<br>Written By: Lathakumari M (Audit Officer, On 16-11-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-12-2021) | 1-27 |
| 34 | ജനന,മരണ,വിവാഹരജിസ്റ്ററുകൾ പരിപാലിച്ചിട്ടില്ല.<br>Written By: Lathakumari M (Audit Officer, On 16-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 22-12-2021) | 1-28 |
| 35 | കിലയിൽ നിന്ന് തുക തിരികെ ലഭ്യമാക്കേണ്ടതാണ്.<br>Written By: Lathakumari M (Audit Officer, On 16-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 22-12-2021) | 1-29 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shalini V K (Senior Grade Auditor, On 17-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 22-12-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Shalini V K (Senior Grade Auditor, On 17-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 22-12-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Shalini V K (Senior Grade Auditor, On 17-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 22-12-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Shalini V K (Senior Grade Auditor, On 17-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 22-12-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Shalini V K (Senior Grade Auditor, On 17-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 22-12-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Shalini V K (Senior Grade Auditor, On 17-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 22-12-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികയുടെ വിവരം<br>Written By: Shalini V K (Senior Grade Auditor, On 17-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 22-12-2021) | 4-7 |

| | | |
|---|---|---|
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Shalini V K (Senior Grade Auditor, On 17-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 22-12-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shalini V K (Senior Grade Auditor, On 17-11-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-12-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shalini V K (Senior Grade Auditor, On 17-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 23-12-2021) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ ബജറ്റ് 12/02/2019-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം നം 1 പ്രകാരം അംഗീകരിച്ചു. 299551550/- രൂപ വരവും 287327615/- രൂപ ചെലവും 12223937/-രൂപ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന ബജറ്റ് ആണ് അംഗീകരിച്ചത്.

### 1-1-1 ബഡ്ജറ്റിൽ വകയിരുത്താതെയും ബഡ്ജറ്റിനെ അധികരിച്ചും ചെലവു ചെയ്തിട്ടുണ്ട്

2019-2020 സാമ്പത്തിക വർഷത്തെ മുദാക്കൽ ഗ്രാമപഞ്ചായത്തിലെ ബഡ്ജറ്റ് പരിശോധനയിൽ ബഡ്ജറ്റിൽ വകയിരുത്താതെയും ബഡ്ജറ്റിനെ അധികരിച്ചും ചെലവു ചെയ്തിട്ടുണ്ടെന്നു കണ്ടു.

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | അക്കൗണ്ട് കോഡ് | ഇനം | 2019-2020 ലെ A F Sപ്രകാരം ചെലവഴിച്ച തുക | 2019-2020 ലെ പരിഷ്ക്കരിച്ച ബഡ്ജറ്റ് പ്രകാരം വകയിരുത്തിയത് |
|---|---|---|---|---|
| 1 | 250101101 | Agriculture And Related Sectors Vegetables General | 157520 | 150000 |
| 2 | 2511013 | Education —Related Activities | 10000 | ഇല്ല. |
| 3 | 251200201 | Public Health Programs | 941598 | 926100 |
| 4 | 252200501 | Foot Bridges--General | | ഇല്ല. |

ഇതു സംബന്ധിച്ച് 12/11/2021 ന് നൽകിയ ഓഡിറ്റ് എൻക്വയറി 38/2019-20 ന് മറുപടി ലഭ്യമായിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

വാർഷിക ധനകാര്യ പത്രിക -അപാകതകൾ.

1. ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും

(5737646) മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (9353917) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2 കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. അപ്രകാരം ഡിമാന്റ് ചെയ്തിട്ടില്ല.

3 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62(F) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷിക ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല.

4. ഗ്രാമപഞ്ചായത്തിലെ സ്ഥിരജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് 2018-19 വർഷത്തെ

ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2018-19 മാർച്ച് മാസത്തെ ടെലഫോൺ ചാർജ്ജ്, വാഹന ഇന്ധനച്ചെലവ് എന്നിവയ്ക്ക് 2019 ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം ചെലവുണ്ട്.

5. മുൻവർഷ എ.എഫ്.എസ് ബാലൻസ് ഷീറ്റ് B1 Schedule പ്രകാരം Excess Of Income Over Expenditure 7599948/- രൂപയാണ്. എന്നാൽ തൻവർഷ എ.എഫ്.എസ് ന്റെ ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് പ്രകാരം മുന്നിരിപ്പ് 1537399.60/- ആയി എടുത്താണ് തൻവർഷ Excess Of Income Over Expenditure കണക്കാക്കിയിരിക്കുന്നത്.

6. മുൻവർഷ എ.എഫ്.എസ് പ്രകാരമുള്ള നീക്കിയിരിപ്പിൽ നിന്ന് താഴെപ്പറയുന്ന ഹെഡ്ഡുകളിൽ തൻവർഷ എ.എഫ്.എസിന്റെ ജനറൽ ലഡ്ജർ ട്രയൽ ബാലൻസിന്റെ മുന്നിരിപ്പ് വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം ചുവടെ.

| അക്കൗണ്ട് ഹെഡ്ഡ് | മുൻവർഷ എ.എഫ്.എസ് പ്രകാരമുള്ള നീക്കിയിരിപ്പ് | തൻവർഷ എ.എഫ്.എസിന്റെ ജനറൽ ലഡ്ജർ ട്രയൽബാലൻസ് പ്രകാരമുള്ള മുന്നിരിപ്പ് |
|---|---|---|
| 312100101 | 54759701 | 62886698 |
| 340100103 | 86734 | 86684 |
| 350410203 | 25667 | 28917 |
| 411200101 | 240105 | 1769439 |
| 411300101 | 3598116 | 20178490 |
| 411310101 | 181707 | 181997 |
| 411320101 | 787303 | 1094229 |
| 411330101 | 280872 | 770801 |
| 411400101 | 410476 | 447418 |
| 41600101 | 98418 | 153987 |
| 411700101 | 1108091 | 1332350 |
| 411800101 | 1311901 | 1616817 |
| 431100101 | 1704871 | 125335 |
| 431100102 | 182928 | 79751 |

| | | |
|---|---|---|
| 431100103 | 571792 | 41606 |
| 431100104 | 15492 | 27917 |
| 431400115 | 290 | 1450 |
| 431910101 | 25488 | 13931 |
| 440500101 | 195847 | 1930566 |
| 450650109 | 4220076 | 4220150 |

7. മുൻവർഷ എ.എഫ്.എസ് പ്രകാരം ഡിപ്രീസിയേഷൻ 20980468/- രൂപയും തൻവർഷ I(17a) പ്രകാരം ആയത് 2783161/- രൂപയും ആണ്. എന്നാൽ തൻവർഷ B(11) Schedule പ്രകാരം ആയത് 34348221/- ആണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

8. ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ പൂർണ്ണമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ B-7 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പിന്റെ കൃത്യതയും ഡെപ്പോസിറ്റുകളുടെ വരവ് ചെലവുകളും പരിശോധിക്കാനായിട്ടില്ല.

9. B-4 Schedule പ്രകാരമുള്ള അക്കൗണ്ട് ഹെഡ്ഡ് 320300199 ന്റെ നീക്കിയിരിപ്പിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

10. B-5 Schedule പ്രകാരമുള്ള കെ.യു.ആർ.ഡി.എഫ്.സി ലോൺ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

11. ക്യാഷ് ബുക്ക് 2.4.2019, 3.4.2019, 4.4.2019, 9.4.2019 എന്നീ തീയതികളിൽ നെഗറ്റീവ് ബാലൻസ് കാണിക്കുന്നു.

12. ജനറൽ പർപ്പസ് ഫണ്ട് അലോട്ട്മെന്റുകൾ പ്രകാരം ആകെ അലോട്ട് മെന്റ് 16039639/- രൂപയാണ്. എന്നാൽ സെക്രട്ടറിയുടെ ബിൽ ബുക്ക് പ്രകാരവും എ.എഫ്.എസ് പ്രകാരം ഈയിനത്തിൽ ലഭിച്ച തുക 14320018/- രൂപ മാത്രമാണ്. അവസാന രണ്ടു ഗഡുക്കൾ (1719621) രൂപ ലഭിച്ചിട്ടില്ലാത്തതായി കാണുന്നു. ആയതിന്റെ കാരണം വ്യക്തമല്ല.

13. B-18 Schedule പ്രകാരമുള്ള 460500201, 460500202, 460500204, 460500501 എന്നിവയിലെ അക്കൗണ്ട് ഹെഡ്ഡുകളിലെ നീക്കിയിരിപ്പിന്റെവിശദാംശം പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

14. B4 Schedule പ്രകാരം അക്കൗണ്ട് ഹെഡ് 320800101-ൽ ഗുണഭോക്തൃ വിഹിതമിനത്തിൽ 4650/-രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. അപ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

15.വസ്തു നികുതി സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളും എ.എഫ്.എസ് പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| സഞ്ചയ പ്രകാരം | 3167125 | 3323850 | 1554 |
| എ.എഫ്.എസ് പ്രകാരം | 3166716 | 3322963 | 0 |

16. തൊഴിൽ നികുതി -ജീവനക്കാരുടെ രജിസ്റ്റർ പ്രകാരമുള്ള കളക്ഷന് 953574/-രൂപയും എ.എഫ്.എസ് പ്രകാരമുള്ള കളക്ഷൻ 914324/- രൂപയുമാണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല

17. മാർക്കറ്റ് റസീപ്റ്റ് എ.എഫ്.എസ് പ്രകാരം ഡിമാന്റ് 97510/- രൂപയും രജിസ്റ്റർ പ്രകാരം 96000/- രൂപയുമാണ്. ഈയിനത്തിൽ രജിസ്റ്റർ പ്രകാരമുള്ള കളക്ഷൻ 96000/- രൂപയും എ.എഫ്.എസ് പ്രകാരമുള്ള കളക്ഷൻ 92750/- രൂപയുമാണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല

18 എം.എൻ.ആർ.ഇ.ജി.എസിന്റെ ബാങ്ക് ബുക്ക് 26.7.2019-ൽ നെഗറ്റീവ് ബാലൻസ് കാണിക്കുന്നു. വിശദാംശം ചുവടെ.

| Head Code | Description | Debit | Credit |
|---|---|---|---|
| 251300801 | Opening Balance | 11702 | |

| | | | |
|---|---|---|---|
| 31.10.2019 | Total Poverty Allegation(ചെലവ്) | | 34180 |
| | Closing Balance | (22478) | |

19. I-18 Schedule പ്രകാരംResidential Building ഇനത്തിൽ 82744/ രൂപയും Non-residential Building ഇനത്തിൽ 12047/- രൂപയും ഡിമാന്റിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഡിമാന്റിൽ നിന്ന് ഒവിവാക്കിയതിന് നടപടിക്രമങ്ങൾ പാലിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 6 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 22607636 |
| വരവ് | 80363089 |
| ആകെ | 102970725 |
| ചെലവ് | 71009172 |
| നീക്കിയിരിപ്പ് | 31961553 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ക്യൂബിൽ |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 16764190 | 16764190 | 18797870* | -2033680 | 981385 |
| വികസനഫണ്ട്(എസ്.സി.പി) | 0 | 18909706 | 18909706 | 10166122** | 8743584 | 3198642 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| CFC(untied) | 0 | 15160737 | 15160737 | 5729255 | 9431482 | 5699173 |
| Maintanance Fund(nonroad) | 0 | 6051000 | 6051000 | 4025724 | 2025276 | 1186402 |
| Maintanance Fund(road) | 0 | 24164963 | 24164963 | 3795190 | 20369773 | 8485922 |
| CSS*** | 0 | 0 | 869509 | -869509 | 0 | 0 |
| SSS**** | 0 | 0 | 6500000 | -6500000 | 0 | 0 |

*ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുക 6764190/- രൂപയും എ.സി ആർ പ്രകാരമുള്ള ചെലവ് തുക 15728060/- രൂപയുമാണ്.

**ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള ചെലവ് തുക10166122/- രൂപയും എ.സി ആർ പ്രകാരമുള്ള ചെലവ് തുക 9930828/- രൂപയുമാണ്.

*** കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവ് നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല.

**** സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവ് നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല.
***** വികസനഫണ്ട്, CSS, SSS എന്നിവയിലെ നീക്കിയിരിപ്പ് നെഗറ്റീവ് ആയതിന്റെ കാരണം വിശദീകരിച്ചിട്ടില്ല.

B-4 Schedule പ്രകാരമുള്ള തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

വാർഷിക ധനകാര്യപത്രിക B-4 Schedule പ്രകാരം അവശേഷിക്കുന്ന താഴെപ്പറയുന്ന ഹെഡ്ഡുകളിലെ തുകകൾ 2018-19 മുതൽ തന്നെ ചെലവഴിക്കാതെ അവശേഷിക്കുന്നവയാണ്. അവ വിനിയോഗിക്കാത്തതിന്റെ കാരണം വ്യക്തമല്ല വിശദാംശം ചുവടെ

| ഹെഡ്ഡ് കോഡ് | തുക |
|---|---|
| 320100115 | 110000 |
| 320200322 | 42800 |
| 320300103 | 1724167 |
| 320700205 | 1392521 |
| 320700404 | 600000 |

ഗ്രാന്റ് വിനിയോഗം -വിശകലനം

1. സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം വനിതാഘടക പദ്ധതിയ്ക്ക് വകയിരുത്തേണ്ട കുറഞ്ഞതുക 3501220/- രൂപയാണ്. ആകെ 392120/- രൂപ മാത്രം വനിതാഘടക പദ്ധതിയ്ക്കായി അടങ്കൽ വകയിരുത്തുകയും 275000/- രൂപ മാത്രം ചെലവഴിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ബജറ്റ് അലോക്കേഷന്റെ 11% മാത്രം വകയിരുത്തുകയും വകയിരുത്തിയതിന്റെ 70% മാത്രം വിനിയോഗിക്കുകയും ചെയ്തിരിക്കുന്നു.

2. സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.6. പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ വകയിരുത്തലിനായി നിർദ്ദേശിച്ചിരിക്കുന്നതാണ് അഗതിരഹിത കേരളം പദ്ധതി. പ്രസ്തുത പദ്ധതിയ്ക്കായി അസിസ്റ്റന്റ് സെക്രട്ടറിനിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നം. 99 (അടങ്കൽ തുക100000 ) പ്രോജക്ട്നം.141 ( അടങ്കൽ തുക 248300) ആയി ആകെ 348300/- രൂപ വകയിരുത്തിയിരുന്നുവെങ്കിലും രണ്ടു പ്രോജക്ടുകളും നടപ്പിലാക്കിയിട്ടില്ല. അനിവാര്യ വകയിരുത്തലിനായി പ്രോജക്ട് വയ്ക്കുകയും എന്നാൽ അത് നടപ്പിലാക്കാതിരിക്കുകയും ചെയ്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

3 സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.4.1.11 പ്രകാരം വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5% വകയിരുത്തണം. പ്രോജക്ട് നം. 98, 191, 76, 117 എന്നീ പ്രോജക്ടുകളിലായി ആകെ 3035600/- രൂപ വകയിരുത്തിയിട്ടുണ്ട്. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 പ്രകാരം ഈ വിഭാഗത്തിൽ വകയിരുത്തേണ്ട കുറഞ്ഞ തുക 1750610/- ആണ്. ബജറ്റ് അലോക്കേഷൻ പ്രകാരമുള്ള തുകയിൽ കൂടുതൽ വകയിരുത്തിയിരുന്നുവെങ്കിലും ആകെ ചെലവഴിച്ചിരിക്കുന്നത് 1105428/- രൂപ മാത്രമാണ്. വകയിരുത്തലിന്റെ ചെലവ് ശതമാനം 36.4% മാത്രമാണ്.

4. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം വികസന ഫണ്ട് (സാധാരണ വിഹിതം) ൻ നിന്നും പശ്ചാത്തലമേഖലയ്ക്ക് വകയിരുത്താവുന്ന കൂടിയ തുക 4760160/- രൂപ മാത്രമാണ്. പശ്ചാത്തലമേഖയ്ക്കായി സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 502043/- രൂപ വകയിരുത്തിയിരുന്നുവെങ്കിലും ഒരു പദ്ധതി പോലും നടപ്പിലാക്കിയിട്ടില്ല.

5. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം പട്ടികജാതി ഉപപദ്ധതി-ഫണ്ടിൽ നിന്നും പശ്ചാത്തല മേഖലയ്ക്ക് വകയിരുത്താവുന്ന കൂടിയ തുക 5743500/- രൂപയാണ്, വിവിധ പദ്ധതികളിലായി 1818685/- രൂപ വകയിരുത്തിയിരുന്നുവെങ്കിലും 362337/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ചെലവ് ശതമാനം 19%.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 13 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പാർശ്വവത്ക്കരിക്കപ്പെട്ടവരേയും പ്രത്യേക പരിഗണന അർഹിക്കുന്നവരേയും പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതു മുൻഗണനകളാണ്. ജനങ്ങളുടെ സാമ്പത്തിക വികസനത്തിനും സാമൂഹിക നീതി ഉറപ്പു വരുത്തുന്നതിനും ആവശ്യമായ വികസന പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുക എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണ ഘടനാ ചുമതലയാണ്. ഇത്തരത്തിലുള്ള പദ്ധതികൾക്കായി തുക വകയിരുത്താതിരിക്കുന്നതും തുക വകയിരുത്തിയ ശേഷം ചെലവഴിക്കാതെ ഇരിക്കുന്നതും ഒരുപോലെ കുറ്റകരമാണ്. പദ്ധതി മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം ഗ്രാന്റുകൾ വകയിരുത്തുന്നതിനും വകയിരുത്തുന്ന ഗ്രാന്റുകൾ ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടെന്നുറപ്പു വരുത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 193 | 129466278 | 108 | 57030890 | 85 | 79% |

പദ്ധതി രൂപീകരണം - അപാകതകൾ.

1.സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.018 ഖണ്ഡിക 3.1.1(ബി)പ്രകാരം പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോത്സാഹിപ്പിക്കുക, സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. എന്നാൽ ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ 28.9.2018, 5.11.2018 എന്നീ തീയതികളിൽ മാത്രമാണ് ആസൂത്രണ സമിതി യോഗം ചേർന്നിരിക്കുന്നത്. പ്രസ്തുതയോഗത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ വിളിച്ച് ചേർക്കുന്നതിനും ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട തുക അനുവദിക്കുന്നതിനനുസരിച്ച് സൂപ്പർവൈസറി ഉദ്യോഗസ്ഥൻ പരിശോധിക്കണമെന്നും മാത്രമാണ് തീരുമാനം എടുത്തിരിക്കുന്നത്. പ്രസ്തുത തീയതിൽ മിനിട്സ് സാക്ഷ്യപ്പെടുത്തുകയോ ക്ലോസ് ചെയ്യുകയോ ചെയ്തിട്ടില്ല. 5.11.2018-ൽ നടന്ന യോഗത്തിൽ മൂന്നുപേർ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. മൂന്നു പേരുടെ അറ്റൻഡൻസ് രേഖപ്പെടുത്തിയിട്ടുള്ളതല്ലാതെ യാതൊരു വിധ രേഖപ്പെടുത്തലും പ്രസ്തുത തീയതിയിൽ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. അപ്രകാരം പുനഃ സംഘടിപ്പിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

2 .സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ 2.10.2018, 3.11.2018, 9.11.2018 എന്നീ തീയതികളിലാണ്

വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിരിക്കുന്നത്. പ്രസ്തുത മീറ്റിംഗുകളിൽ പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ നൽകിയിട്ടുള്ളത്. ഖണ്ഡിക3.1.2(ബി) 6 പ്രകാരം വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. അപ്രകാരം ഒരു നടപടി സ്വീകരിച്ചതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തര ത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2(ബി)12 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും വർക്കിംഗ് ഗ്രൂപ്പുകൾ പാലിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

3. സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.2.1(1) പ്രാദേശിക ആസൂത്രണത്തിന്റെ ജീവനാഡി ജനപങ്കാളിത്തമാണ്. വികസനപരിപ്രേക്ഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭാ മിനിട്സുകൾ പരിശോധിച്ചതിൽ 2019-20വർഷത്തെ പദ്ധതി രൂപീകരണ ഗ്രാമസഭ ഒക്ടോബർ 2018-ലും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനു വേണ്ടിയുള്ള ഗ്രാമസഭാ ജനുവരി 2019-ലും പ്രത്യേക ഗ്രാമസഭ(കാർഷിക സഭ) ജൂലൈ 2019-ലുമാണ് ചേർന്നിരിക്കുന്നത്. അതിനു ശേഷം ജനുവരി 2020-ൽ 2020-21 വർഷത്തെ വാർഷിക പദ്ധതി രൂപീകരണ യോഗം മാത്രമാണ് ചേർന്നിരിക്കുന്നത്. 28.10.2018-ൽ ചേർന്ന ഗ്രാമസഭായോഗത്തിൽ പദ്ധതികളെ സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ടെങ്കിലും പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടില്ല.

4. സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.4.2 (1) പ്രകാരംപദ്ധതിയ്ക്ക് അന്തിമ രൂപം നൽകുന്നതിന് മുന്നോടിയായി മേഖലാവിഭജന നിബന്ധനകളുടെ അടിസ്ഥാനത്തിൽ ഓരോ മേഖലയിലും വകയിരുത്തേണ്ട തുക അനിവാര്യമായ ഇനങ്ങൾക്കും വിഭാഗങ്ങൾക്കും വകയിരുത്തേണ്ട തുക എന്നിവ സംബന്ധിച്ച ശുപാർശ ഓരോസ്റ്റാന്റിംഗ് കമ്മിറ്റിയും നൽകേണ്ടതും അവ പരിശോധിച്ച് മേഖല, ഉപമേഖലാ വിഹിതങ്ങൾ സംബന്ധിച്ച അന്തിമ തീരുമാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയിൻമേൽ ഭരണസമിതി കൈക്കൊള്ളേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിട്സ് പരിശോധിച്ചതിൽ പ്രോജക്ടുകളെ സംബന്ധിച്ച ശുപാർശകൾ നൽകിയിട്ടുണ്ടെങ്കിലും മേഖലാ വിഭജനം, അനിവാര്യ വകയിരുത്തൽ എന്നിവ പരിശോധിച്ച ശേഷമാണോ ശുപാർശകൾ നൽകിയിട്ടുള്ളതെന്ന് വ്യക്തമല്ല.

5. സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കി തയ്യാറാക്കിയിട്ടില്ലാത്തതായി കാണുന്നു. സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

5. സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ അടങ്കൽ തുക 129466278/- രൂപയും ചെലവ് 57030890/- രൂപയുമാണ്. അതായത് ആകെ പദ്ധതിച്ചെലവിന്റെ 44% മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| പൊതു വിഭാഗം | ഉല്പാദനം | 4803500 | 3825035 | 80% |
| | സേവനം | 19565757 | 14972835 | 76.5% |
| | പശ്ചാത്തലം | 502043 | 0 | 0 |
| പട്ടിക ജാതി വിഭാഗം | ഉല്പാദനം | 0 | 0 | 0 |
| | സേവനം | 20421615 | 9803785 | 48% |

| | | | | |
|---|---|---|---|---|
| | പശ്ചാത്തലം | 1818685 | 362337 | 20% |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 14 ന് മറുപടിയിൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലും വികസന സെമിനാറിലും ഗ്രാമസഭയിലും അംഗങ്ങൾ പങ്കെടുക്കാറുണ്ടെങ്കിലും പദ്ധതി നിർദ്ദേശങ്ങൾ മാത്രമേ നൽകാറുള്ളുവെന്നും ഉത്തരവിൻ പ്രകാരമുള്ള ചുമതലകളിൽ അംഗങ്ങൾ സജീവമായി ഇടപെട്ടിട്ടില്ലായെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. പദ്ധതിയുടെ 25% പൂർത്തീകരണ പ്രവർത്തനങ്ങൾ മാർച്ച് മാസത്തിലാണ് സാധാരണഗതിയിൽ നടന്നുവരുന്നതെന്നും എന്നാൽ കോവിഡിന്റെ പ്രാരംഭഘട്ടം നിലനിന്നിരുന്ന സാഹചര്യത്തിൽ പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് സാധിച്ചിട്ടില്ലായെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. പ്രസ്തുത മറുപടി സ്വീകാര്യമല്ല. പ്രോജക്ട് കലണ്ടർ പ്രകാരമുള്ള സമയക്രമം കൃത്യമായി പാലിക്കാത്തതു കൊണ്ടാണ് പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീയാക്കാൻ കഴിയാത്തത്. പ്രോജക്ട് കലണ്ടർ പ്രകാരമുള്ള സമയക്രമം കൃത്യമായി പാലിച്ചു കൊണ്ട് പദ്ധതികൾ നടപ്പിലാക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതും പ്രോജക്ടുകളുടെ ശരിയായ ഫലപ്രാപ്തിയും ലക്ഷ്യവും ഉറപ്പാക്കുന്നതിന് സർക്കാർ നിർദ്ദേശം പാലിച്ചുകൊണ്ട് അതാതു കമ്മിറ്റികൾ പ്രവർത്തിക്കേണ്ടതുമാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 17952 | 135960 | 1153912 | 1153912 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 40519000 | 40519000 | 40519000 | 0 |
| ആകെ | 17952 | 41654960 | 41672912 | 41672912 | 0 |

## 1-6-1 ജി എസ് ടി ,ആദായ നികുതി എന്നിവ കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കാവശ്യമായ സാധനങ്ങൾ കരാറുകാരിൽ നിന്നും വാങ്ങിയിരുന്നു. 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. കൂടാതെ 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. ചുവടെ ചേർക്കുന്ന പ്രവൃത്തിയിൽ ജി.എസ്.ടി, ആദായ നികുതി എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പുകളിൽ അടച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | എം. ബുക്ക് നമ്പർ | കരാറുകാരൻ | കരാറുകാരന് നൽകിയ തുക |
|---|---|---|---|
| കുറുമാങ്കോട് താഴെക്കാട് റോഡ് | 80/19-20 | ജയൻ നായർ | 352747 |
| മുക്കോടിക്കൽ പേരു വിളാകം റോഡ് | 77/19-20 | സജീവൻ എം എസ് | 507475 |
| പട്ടൻ വിളാകം റോഡ് | 77/19-20 | ജയൻ നായർ | 358163 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.45 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരന് കത്ത് നൽകി നികുതികൾ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-7 ക്ഷേമ പെൻഷനുകൾ

| ക്ഷേമ പെൻഷൻ | എ എഫ് എസ് | പഞ്ചായത്ത് | ഗുണഭോക്താക്കളുടെ |
|---|---|---|---|

| | പ്രകാരം ചെലവഴിച്ച തുക | സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | എണ്ണം |
|---|---|---|---|
| കർഷക ക്ഷേമ പെൻഷൻ | 3093600 | 3093600 | 1050 |
| വാർദ്ധക്യകാല പെൻഷൻ | 19570500 | 19570500 | 6564 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 368400 | 368400 | 125 |
| വിധവാ പെൻഷൻ | 11227800 | 11227800 | 3784 |
| വികലാംഗ പെൻഷൻ | 2874200 | 2874200 | 961 |
| വിവാഹധനസഹായം | 210000 | 210000 | 7 |
| തൊഴിൽ രഹിതവേതനം | 213720 | 213720 | 226 |

## 1-7-1 പെൻഷൻ മരണ ശേഷവും വിതരണം ചെയ്തതായി കാണുന്നു.

2019-2020 സാമ്പത്തിക വർഷത്തിൽ മുദാക്കൽ ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മരണങ്ങളുടെ വിവരവും സേവനസോഫ്റ്റ്‌വെയറും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന വ്യക്തികളുടെ പെൻഷൻ മരണ ശേഷവും വിതരണം ചെയ്തതായി കാണുന്നു. ആയതിന്റെ വിശദീകരണം നൽകാൻ ആവശ്യപ്പെട്ടുകൊണ്ട് 10/11/2021-ൽ നൽകിയ ഓഡിറ്റ് എൻക്വയറി 5/2019-2020 ന് ലഭ്യമായ മറുപടിയിൽ മരണമടഞ്ഞവരുടെ പെൻഷൻ സസ്പെന്റ് ചെയ്തിട്ടുള്ളതായും, സേവന സേവനസോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. സർക്കുലർ നം എസ് എഫ് സിബി1-/71/2017/ധന,തീ,22/9/2017സർക്കുലർ നം എസ് എഫ് സിബി2-56/2017/.ധന,തീ,29/11/2017പ്രകാരം, ലിസ്റ്റിൽ പറഞ്ഞിട്ടുള്ള വ്യക്തികളുടെ മരണശേഷമുള്ള പെൻഷൻ ബാങ്കിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള തുക കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് ബാങ്ക്, തിരുവനന്തപുരം എന്ന അക്കൗണ്ടിലേയ്ക്ക് തിരികെ അടവാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നാണ്. സർക്കുലർനം 69/2018/ധന, തീയതി26/07/2018-ലെ മരണപ്പെട്ടവരുടെയും, പുനർ വിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി/ ആശാവർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം ഡാറ്റാ ബേസിൽ നിന്നും സെക്രട്ടറിമാർ ഒഴിവാക്കേണ്ടതാണ്. പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരം ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കണം. മരണപ്പെട്ട വ്യക്തികളെ സേവന സോഫ്റ്റ്‌വെയറിൽ നിന്നും സസ്പെന്റ് ചെയ്യുവാൻ സെക്രട്ടറി നടപടി സ്വീകരിക്കണം. ഈ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല. ആയതിനാൽ അധികം നൽകിയ 138600/-രൂപ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നം | ആധാർ നം | പേര് | പെൻഷൻ | മരിച്ച തീയതി | അധികം കൈപ്പറ്റിയ കാലയളവ് | അധികം കൈപ്പറ്റിയ തുക |
|---|---|---|---|---|---|---|
| 1 | 998100908985 | ദേവമ്മ | വാർദ്ധക്യകാല പെൻഷൻ | 27/06/2019 | 1 മാസം 07/2019 | 1500 |
| 2 | 218091708569 | രാധമ്മ കെ | വാർദ്ധക്യകാല പെൻഷൻ | 12/12/2019 | 4 മാസം 01/20 മുതൽ | 6000 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 04/20 വരെ (1500x4) | |
| 3 | 451695213273 | മണിയൻ കെ | വാർദ്ധക്യകാല പെൻഷൻ | 04/12/2019 | 4 മാസം 01/20 മുതൽ 04/20 വരെ (1500x4) | 6000 |
| 4 | 807249962533 | സുദേവൻ കെ ജി | വാർദ്ധക്യകാല പെൻഷൻ | 19/12/2019 | 4 മാസം 01/20 മുതൽ 04/20 വരെ (1500x4) | 6000 |
| 5 | 317797218212 | പി നാരായണൻ | വാർദ്ധക്യകാല പെൻഷൻ | 05/03/2020 | 1 മാസം 04/20 | 1500 |
| 6 | 444589016520 | ഗോവിന്ദൻ | വാർദ്ധക്യ കാല പെൻഷൻ | 22/03/2020 | 1 മാസം 04/20 | 1500 |
| 7 | 645940130721 | ബാബു എസ് | വികലാംഗ പെൻഷൻ | 12/03/2020 | 1 മാസം 04/20 | 1500 |
| 8 | 662207764797 | പ്രകാശൻ | ക്ഷേമനിധി പെൻഷൻ | 01/03/2020 | 19 മാസം 04/20 മുതൽ 10/21 വരെ 1500x12=18000 1600x7=11200 | 29200 |
| 9 | 440948924669 | സുധാമണി എൻ | വാർദ്ധക്യ കാല പെൻഷൻ | 08/02/2020 | 20 മാസം 03/20 മുതൽ 10/21 വരെ 1500x13=19500 1600x7=11200 | 30700 |
| 10 | 675853203933 | ഉണ്ണികൃഷ്ണൻ കെ എൻ | വാർദ്ധക്യ കാല പെൻഷൻ | 05/02/2020 | 2 മാസം 03/20 മുതൽ04/20വരെ | 3000 |
| 11 | 739715698215 | വാസന്തി ഭായി | വാർദ്ധക്യ കാല പെൻഷൻ | 28/01/20 | 3 മാസം 02/20 മുതൽ 04/20 വരെ | 4500 |
| 12 | 536194639954 | വള്ളിയമ്മ | കർഷക തൊഴിലാളി പെൻഷൻ | 04/01/20 | 21 മാസം 02/20 മുതൽ 10/21 വരെ (02/20 To 03/21) 1500x14=21000 | 32200 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | (04/21 To10/21)<br>1600x7=11200) | |
| 13 | 847111601864 | രാഘവൻ പിള്ള പി | വാർദ്ധക്യ കാല പെൻഷൻ | 31/12/19 | 10<br>1500x10=15000 | 15000 |
| ആകെ | | | | | | 138600 |

## 1-7-2 പെൻഷൻ രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല.

സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണം ചെയ്യുമ്പോൾ പെൻഷൻ രജിസ്റ്ററിൽ പെൻഷൻ അനുവദിച്ച വ്യക്തികളുടെ സ്റ്റാറ്റസ് കോളത്തിൽ ടി വ്യക്തികൾക്ക് എന്നു മുതലാണ് പെൻഷൻ അനുവദിച്ചത്, പെൻഷൻ ഐഡി നമ്പർ എന്നീ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. ഇതു സംബന്ധിച്ച് 10/11/2021 -ൽ നൽകിയ 1/2019-20 നം ഓഡിറ്റ് എൻക്വയറിയ്ക്ക് മേലിൽ എന്നു മുതലാണ് പെൻഷൻ അനുവദിച്ചത്, പെൻഷൻ ഐ ഡി നമ്പർ എന്നിവ രേഖപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് ലഭ്യമായ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പേര് | ഫയൽ നം / അപേക്ഷാ തീയതി | പെൻഷൻ |
|---|---|---|---|
| 1 | ഭുവനേന്ദ്രൻ നായർ | 2378/19,<br>10/4/2019 | വാർദ്ധക്യകാലപെൻഷൻ |
| 2 | അശോകൻ | 2425/19,<br>16/4/2019 | വാർദ്ധക്യകാലപെൻഷൻ |
| 3 | ലളിത | 2470/19<br>20/4/2019 | വാർദ്ധക്യകാലപെൻഷൻ |
| 4 | രാധ ബി | 3154/19<br>03/06/2019 | വാർദ്ധക്യകാലപെൻഷൻ |

| | | | |
|---|---|---|---|
| 5 | ബാബു ജി | 3176/19<br>04/06/2019 | വാർദ്ധക്യകാലപെൻഷൻ |
| 6 | സുശീല | 3189/19<br>04/06/2019 | വാർദ്ധക്യകാലപെൻഷൻ |
| 7 | സഫറാബീവി | 4262/19<br>25/07/2019 | വാർദ്ധക്യകാലപെൻഷൻ |
| 8 | ഷാജിദാബീവി | 4333/19<br>27/07/2019 | വാർദ്ധക്യകാലപെൻഷൻ |
| 9 | സോമൻ നായർ | 4372/19<br>29/07/19 | വാർദ്ധക്യകാലപെൻഷൻ |
| 10 | മോഹൻദാസ് | 4605/19<br>09/08/19 | വാർദ്ധക്യകാലപെൻഷൻ |

II. വാർദ്ധക്യകാലപെൻഷൻ രജിസ്റ്റർ പരിശോധിച്ചപ്പോൾ 53 പേരുടെ പെൻഷൻ അപേക്ഷ തീർപ്പാക്കാതെ രജിസ്റ്ററിൽ പേര് മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. അതുപോലെ 17 പേരുടെ വിധവാപെൻഷൻ അപേക്ഷയും തീർപ്പാക്കാതെ രജിസ്റ്ററിൽ പേര് മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. 5 പേരുടെ വികലാംഗ പെൻഷൻ അപേക്ഷയും തീർപ്പാക്കിയിട്ടില്ല. ഇതിന്റെ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 10/11/2021 -ൽ നൽകിയ 1/2019-20 നം ഓഡിറ്റ് എൻക്വയറിയ്ക്ക് അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയിട്ടുണ്ട് എന്നാൽ ആയത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ രജിസ്റ്ററിൽ വരുത്തിയിട്ടില്ലായെന്നാണ് മറുപടി ലഭ്യമാക്കിയത്. പഞ്ചായത്ത് ഡയറക്ടറുടെ 28/09/2019 ലെ സർക്കുലർ പ്രകാരം സാമൂഹ്യ സുരക്ഷാപെൻഷൻ സംബന്ധിച്ച അപേക്ഷ ലഭിച്ച് 40 ദിവസത്തിനകം തീരുമാനം എടുത്ത് അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതും, അവ യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ് എന്നാൽ ഈ നടപടി ക്രമം പാലിച്ചിട്ടില്ല.

ഉദാ--

| ക്രമ നം | പേര് | ഫയൽ നം /തീയതി | പെൻഷൻ |
|---|---|---|---|
| 1 | ബാബു | 6478/19,<br>25/11/2019 | വാർദ്ധക്യകാലപെൻഷൻ |
| 2 | വിജയൻനായർ | 6509/19,<br>26/11/2019 | വാർദ്ധക്യകാലപെൻഷൻ |
| 3 | ദിവാകരൻ നായർ | 6577/19<br>28/11/2019 | വാർദ്ധക്യകാലപെൻഷൻ |
| 4 | സുബൈർ കുഞ്ഞ് | 6633/19<br>30/11/2019 | വാർദ്ധക്യകാലപെൻഷൻ |
| 5 | ഉഷാരാജൻ | 2356/19<br>10/04/2019 | വാർദ്ധക്യകാലപെൻഷൻ |

| | | | |
|---|---|---|---|
| 6 | വസന്ത എസ് | 3443/19 18/06/2019 | വിധവാപെൻഷൻ |
| 7 | തങ്കമ്മ | 3467/19 19/06/2019 | വിധവാപെൻഷൻ |
| 8 | വസന്ത | 3493/19 20/06/2019 | വിധവാപെൻഷൻ |
| 9 | സക്കീനബീവി | 3976/19 12/07/19 | വിധവാപെൻഷൻ |
| 10 | ഉഷ ജി | 2991/19 25/05/19 | വിധവാപെൻഷൻ |
| 11 | ആശ | 3045/19 25/05/19 | വിധവാപെൻഷൻ |
| 12 | സുൽഫിക്കർ | 4340/19 29/07/19 | വികലാംഗപെൻഷൻ |
| 13 | ശാലു | 4393/19 30/07/19 | വികലാംഗപെൻഷൻ |
| 14 | ഉണ്ണികൃഷ്ണൻ | 4615/19 13/08/19 | വികലാംഗപെൻഷൻ |
| 15 | അശ്വതി കെ വി | 4701/19 17/08/19 | വികലാംഗപെൻഷൻ |
| 16 | പ്രമോദ് | 2483/19 16/04/19 | വികലാംഗപെൻഷൻ |

## 1-8 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12/19 | 12/19 | - |
| അക്കൌണ്ടന്റ് ജനറൽ ഓഡിറ്റ് | 5/5/2018 | 2013-14 മുതൽ 2017-18 വരെ | 28-6-18 |

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്. ആയതിന്റെ വിശദാംശം വിവിധ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. സ്ഥാപനത്തിന്റെ സാമ്പത്തിക അച്ചടക്കത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്. രസീതു ബുക്കുകളുടെ പരിപാലനത്തിലെ അപാകതകൾ ഗൗരവമായി കാണണം.

2. തനതു വരുമാന ശേഖരണം കുറെക്കൂടി ഊർജ്ജിതമായ നടപടികളിലൂടെ അപാകങ്ങൾ ഒഴിവാക്കി ചെയ്യേണ്ടതുണ്ട്.

3. ലൈസൻസ്, ഫീസ് എന്നിവ നിയമം, ചട്ടം എന്നിവക്കനുസൃതമായി കൃത്യമായ നടപടിക്രമങ്ങൾ പാലിച്ച് നൽകുന്നതിൽ ശ്രദ്ധിക്കണം.

4.വാഹനപരിപാലനം തൃപ്തികരമല്ല.

5.ജനന മരണ,വിവാഹ രജിസ്റ്റർ പരിപാലിക്കുന്നില്ല.

6.പെൻഷൻ രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല.

7.പെർമിറ്റ് ഫീസ് കൂടുതൽ ഈടാക്കി

8.വസ്തു നികുതി, തൊഴിൽനികുതി എന്നിവ കണക്കാക്കിയതിൽ അപാകതകൾ ഉണ്ട്.

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.11.2021, 10.15am ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7721/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10-1 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ.

01.04.2019 മുതൽ 30.03.2021 വരെയുള്ള രസീതുകളുടെ വരവ്, ഒടുക്ക് എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തി

1. താഴെപ്പറയുന്ന രസീത് ബുക്കുകൾ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

61732, 61733, 61706, 61707, 61714, 61716, 61721, 61723, 61724, 61734, 2518, 61704

മേൽ അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി (43/15.11.2021) യ്ക്ക് രസീതുകൾ ഇന്നേ ദിവസം സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നാണ് മറുപടി തന്നത്.

2.ലഭ്യമാക്കിയ രസീതു ബുക്കുകൾ പരിശോധിച്ചതിൽ രസീതുകളിൽ കൃത്യമായി തീയതി രേഖപ്പെടുത്തുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| രസീതു ബുക്ക് നമ്പർ/ രസീതു നമ്പർ | ഇനം | തുക |
|---|---|---|
| 61727/1 | സ്ഥാപന നികുതി | 190 |

| | | |
|---|---|---|
| 61727/2 | സ്ഥാപന നികുതി | 142 |
| 61707/19 | സ്ഥാപന നികുതി | 60 |
| 61707/76 | സ്ഥാപന നികുതി | 52 |
| 61712/2 | സ്ഥാപന നികുതി | 120 |
| 51999/45 | സ്ഥാപന നികുതി | 41 |
| 61719/74 | സ്ഥാപന നികുതി | 355 |
| 2517/18 | സ്ഥാപന നികുതി | 99 |
| 2527/39 | സ്ഥാപന നികുതി | 177 |
| 2527/46 | സ്ഥാപന നികുതി | 132 |
| 2527/57 | സ്ഥാപന നികുതി | 12 |

മേൽ അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി (43/15.11.2021) യ്ക്ക് ക്ലറിക്കൽ അപാകത മൂലമുണ്ടായ പിഴവാണെന്നും ഭാവിയിൽ ഇത്തരത്തിലുള്ള പിഴവ് സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

3. താഴെപ്പറയുന്ന രസീതുകൾ രസീത് ബുക്കിൽ ക്യാൻസൽ ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നു. ഈ രസീതു പ്രകാരമുള്ള തുക പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല.

| രസീതു ബുക്ക് നമ്പർ / രസീതു നമ്പർ | ഇനം | തുക |
|---|---|---|
| 61725/100 | സ്ഥാപന നികുതി | 19 |
| 61733/6 | സ്ഥാപന നികുതി | 979 |
| 61733/25 | സ്ഥാപന നികുതി | 32 |

മേൽ അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി (43/15.11.2021) യ്ക്ക് രസീത് എഴുതിയെങ്കിലും ,ദാതാവ് തുക ഒടുക്കാത്തത് കൊണ്ടാണ് ഈ വിധം സംഭവിച്ചതെന്നും, ടി രസീതുകൾ ക്യാൻസൽ ചെയ്ത് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി നൽകി

4. ക്യാൻസൽ ചെയ്ത ചില രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

| രസീതു ബുക്ക് നമ്പർ / രസീതു നമ്പർ |
|---|
| 61722/15 |
| 61727/40 |
| 5217/84 |
| 2520/66 |
| 2527/11 |
| 2525/63 |

| |
|---|
| 2509/44 |
| 2509/51 |
| 2509/52 |
| 2509/57 |
| 259/19 |
| 2502/94 |
| 2524/85 |
| 2515/37 |
| 2512/89 |
| 2522/43 |
| 2524/41 |
| 2515/63 |
| 2512/50 |
| 2528/9 |
| 2516/82 |
| 2516/44 |

മേൽ അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി (43/15.11.2021) യ്ക്ക് രസീതുകൾ ഓഡിറ്റ് സമയത്ത് സാക്ഷ്യപ്പെടുത്തി തരാമെന്നാണ് മറുപടി തന്നത്.

5. വ്യക്തികൾക്ക് നൽകാതെ രസീതിന്റെ അസ്സലും പകർപ്പും രസീത് ബുക്കിൽ തന്നെ സൂക്ഷിച്ചിരിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| രസീതു ബുക്ക് നമ്പർ / രസീതു നമ്പർ | ഇനം | തുക |
|---|---|---|
| 51993/47 | സ്ഥാപന നികുതി | 140 |
| 51993/67 | സ്ഥാപന നികുതി | 145 |
| 61701/59 | സ്ഥാപന നികുതി | 49 |
| 61711/27 | സ്ഥാപന നികുതി | 212 |
| 61712/32 | സ്ഥാപന നികുതി | 21 |
| 61712/76 | സ്ഥാപന നികുതി | 59 |
| 61712/84 | സ്ഥാപന നികുതി | 38 |
| 61712/96 | സ്ഥാപന നികുതി | 24 |
| 61720/10 | സ്ഥാപന നികുതി | 175 |
| 61720/51 | സ്ഥാപന നികുതി | 511 |

| | | |
|---|---|---|
| 61731/33 | സ്ഥാപന നികുതി | 47 |
| 61731/34 | സ്ഥാപന നികുതി | 404 |
| 61731/36 | സ്ഥാപന നികുതി | 87 |
| 61731/37 | സ്ഥാപന നികുതി | 33 |
| 61731/40 | സ്ഥാപന നികുതി | 14 |
| 61731/46 | സ്ഥാപന നികുതി | 51 |
| 61731/47 | സ്ഥാപന നികുതി | 298 |
| 61731/48 | സ്ഥാപന നികുതി | 161 |
| 61731/49 | സ്ഥാപന നികുതി | 561 |
| 2527/18 | സ്ഥാപന നികുതി | 193 |
| 61731/41 | സ്ഥാപന നികുതി | 79 |
| 2520/83 | സ്ഥാപന നികുതി | 1821 |
| 2527/71 | സ്ഥാപന നികുതി | 17 |
| 2527/71 മുതൽ 2527/86 വരെ | സ്ഥാപന നികുതി | |
| 2525/52 | സ്ഥാപന നികുതി | 43 |
| 2525/53 | സ്ഥാപന നികുതി | 112 |
| 2525/55 മുതൽ 2525/73 വരെ | സ്ഥാപന നികുതി | |
| 2529/12 | സ്ഥാപന നികുതി | 51 |
| 2529/13 | സ്ഥാപന നികുതി | 69 |
| 2529/16 മുതൽ 2529/21 വരെ | സ്ഥാപന നികുതി | |
| 2529/26 | സ്ഥാപന നികുതി | 69 |

മേൽ അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി (43/15.11.2021) യ്ക്ക് നൂറ് ശതമാനം നികുതി പിരിവ് കൈവരിക്കുന്നതിന്റെ ഭാഗമായി ജനപ്രധിനിധികളും, ജീവനക്കാരും മുൻകൂറായി സ്വന്തം കൈയ്യിൽ നിന്നും തുക അടവാക്കിയത് കൊണ്ടാണ് മേൽപരാമർശിച്ചിട്ടുള്ള വ്യക്തികളുടെ രസീതുകൾ നല്കാത്തത് എന്നാണ് മറുപടി നൽകിയത് .

ഭാവിയിൽ രസീതുകൾ കൈകാര്യം ചെയ്യുന്നതിൽ കൃത്യത പാലിക്കേണ്ടതാണ്. അതതു ദിവസങ്ങളിലെ കൃത്യമായ തുക പഞ്ചായത്തിൽ ഒടുക്കേണ്ടതാണ്.

6 . രശീതി സ്റ്റോക്ക് രജിസ്റ്റർ പേജ് 8 പ്രകാരം രശീതി നം -51994, 51995, 51997, 51998 എന്നിവ കൃഷി ഓഫീസർക്ക് ഇഷ്യൂ ചെയ്തിട്ടുണ്ടെങ്കിലും 51998 -നമ്പർ രശീതി ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ബുക്ക് നം 51997 ന്റെ 71 മുതൽ 100 വരെയുള്ള രശീതികൾ ഉപയോഗിച്ചിട്ടില്ല. ആയവ ക്യാൻസൽ ചെയ്തിട്ടില്ല.

7. രശീതി നം 51994 ലിൽ 31 മുതൽ 73 വരെയുള്ള രശീതികളുടെ തിയ്യതി 14-10-19 വെട്ടിതിരുത്തി 14-11-19 എന്നാക്കിയതായി കാണുന്നു. ടി രശീതികൾ പ്രകാരമുള്ള തുകകൾ 14-11-19 നാണ് പഞ്ചായത്തിൽ അടവാക്കിയിരിക്കുന്നത്.

8. രശീതി നം 51997 Dt 9-12-19 ക്യാൻസൽഡ് ആയി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിർവഹണോദ്യോഗസ്ഥൻ ആയത് സാക്ഷ്യ പ്പെടുത്തിയിട്ടില്ല. ക്യാൻസൽ ചെയ്ത രസീതിയുടെ ഒറിജിനൽ പരിശോധനക്ക് ലഭ്യമാക്കിയില്ല .

ഭാവിയിൽ രസീതുകൾ കൈകാര്യം ചെയ്യുന്നതിൽ കൃത്യത പാലിക്കേണ്ടതാണ്. അതതു ദിവസങ്ങളിലെ കൃത്യമായ തുക പഞ്ചായത്തിൽ ഒടുക്കേണ്ടതാണ്.

## 1-10-2 സാംഖ്യ രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

01.04.2020 മുതൽ 30.0.2021 വരെയുള്ള സാംഖ്യ രസീത് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. ക്യാൻസൽ ചെയ്ത രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| രസീത് നംബർ | തീയതി | ഇനം | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 119080105915 | 25.02.2020 | Fees For Marriage Certificate | 120 |
| 119080105801 | 18.02.2020 | Property Tax | 364 |
| 119080106475 | 19.03.2020 | Profession Tax | 2500 |
| 119080104186 | 18.02.2019 | Property Tax | 66 |

2. ക്യാൻസൽ ചെയ്ത രസീതുകളുടെ റിപ്പോർട്ട് പ്രകാരം താഴെപ്പറയുന്ന രസീതുകൾ കാണാനില്ല.

119080105427, 119080105428, 119080106372, 11908104230, 11908013976, 11908010413, 119080101424.

മേൽ അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി (44/15.11.2021) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-11 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും വിറ്റുവരവു രേഖപ്പെടുത്താതെ ലൈസൻസ് ഫീസ് കണക്കാക്കിയിരുന്നു

2019-2020 സാമ്പത്തിക വർഷത്തിൽ ലൈസൻസ് നൽകിയ സ്ഥാപനങ്ങളുടെ അപേക്ഷയിൽപ്രതിദിന വിറ്റുവരവു രേഖപ്പെടുത്തിയിട്ടില്ല. 31/10/2017 -ലെ ഭേദഗതി ചട്ടങ്ങൾക്ക് മുമ്പ് വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് കണക്കാക്കിയിരുന്നത്. 1994 ലെ കേരള പഞ്ചായത്ത്രാജ് ആക്ട്, റൂൾ എന്നിവ പ്രകാരമുള്ള അപേക്ഷഫോറമാണ് ഇപ്പോഴും ഉപയോഗിക്കുന്നത്. എന്നാൽ മേല്പറഞ്ഞ ഭേദഗതി ചട്ടങ്ങൾ പ്രകാരം, സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്റർപ്രൈസസുകളായി തരം തിരിച്ച്, ഓരോന്നിനും ബാധകമായ ലൈസൻസ് ഫീസ് പുതുക്കിയ പട്ടിക II-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനനുസരിച്ച് അപേക്ഷാഫോറം പരിഷ്കരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് 12/11/2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം 35/2019-2020 ന് 2020-21-ൽ ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള (പട്ടിക2) ലൈസൻസാണ് നൽകി വരുന്നത് എന്നും, അപേക്ഷ ഫോം അതനുസരിച്ച് ഉടനെ മാറ്റ വരുത്തുന്നതാണ് എന്നും മറുപടി ലഭിച്ചു.

ഉദാ--

| ക്രമ നം | സ്ഥാപനയുടമയുടെ പേര് | വാർഡ് /കെട്ടിടനം | വ്യാപാരം |
|---|---|---|---|
| 1 | വിജയൻ | 19/269 | സ്റ്റേഷനറി സ്റ്റോർ |
| 2 | സെക്രട്ടറി ഇടയ്ക്കോട് കോ-ഓപ്പറേറ്റീവ് ബാങ്ക് വളം ഡിപ്പോ | 16/314A | വളം ഡിപ്പോ |
| 3 | സൈനുലാബ്ദ്ദീൻ | XVIII/7,8 | പല ചരക്ക് വ്യാപാരം |
| 4 | വി പ്രേമകുമാർ | 14/620A | ഫ്ളവർ മിൽ |
| 5 | മധുസൂദനൻ നായർ | 11/732 | ഹാർഡ് വെയർ |
| 6 | വിനോദ് വി | XVIII/479 | വർക്ക് ഷോപ്പ് |
| 7 | അബ്ദുൾ മജീദ് | XII/118 | ഹോം ഇന്റീരിയർ മോഡ്യുലാർ |

| | | | | |
|---|---|---|---|---|
| | | | | കിച്ചൺ |

## 1-12 പെർമിറ്റ് ഫീസ് കൂടുതൽ ഈടാക്കി

2019-2020 സാമ്പത്തിക വർഷത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ് ഫയലുകളും രജിസ്റ്ററും പരിശോധിച്ചപ്പോൾ, പെർമിറ്റ് ഫീസ് കൂടുതൽ ഈടാക്കിയിട്ടുള്ളതായി കണ്ടു. 06-06-2007 ലെ G.O (MS) 150/200/LSGD എന്ന വിജ്ഞാപനം വഴി 1999- ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണചട്ടത്തിലെ Aപെർമിറ്റ് ഫീസ് (ചട്ടം11(3), പട്ടിക 2) പ്രകാരം കാറ്റഗറി II പഞ്ചായത്തിൽ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് രൂ.3/per $M^2$ഉം വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് രൂ.5/per $M^2$ ഉം ആണ് ഈടാക്കേണ്ടത്. എന്നാൽ ഇവിടെ പെർമിറ്റ് ഫീസ് ടി നിരക്കിനേക്കാൾ കൂടുതൽ ഈടാക്കുകയാണ് ചെയ്തിട്ടുള്ളത്. ഇതു സംബന്ധിച്ച് 11/11/2021 -ൽ നൽകിയ ഓഡിറ്റ് എൻക്വയറി(നം28) ന് നൽകിയ മറുപടിയിൽ മനപൂർവമല്ലാത്ത ശ്രദ്ധക്കുറവുമൂലമാണ് ഈ പിശക് സംഭവിച്ചത് എന്ന് പറഞ്ഞിരിക്കുന്നു. ടി പഞ്ചായത്ത് പെർമിറ്റ് ഫീസ് നിശ്ചയിച്ച സമയത്ത് കാറ്റഗറി II പഞ്ചായത്ത് ആയിരുന്നു. എന്നാൽ കാറ്റഗറി I പഞ്ചായത്ത് പെർമിറ്റ് ഫീസാണ് ഈടാക്കിയത്. തിരക്കുകൾക്കിടയിൽ സംഭവിച്ച ഈ അപാകത തുടർന്നും ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ് എന്നാണ് ലഭ്യമായ മറുപടി.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | ഫയൽ നം, തീയതി | പേര് | കെട്ടിടത്തിന്റെ വിസ്തീർണ്ണം | കെട്ടിടത്തിന്റെ സ്വാഭാവം | ഈടാക്കിയ തുക | ഈടാക്കേണ്ട തുക |
|---|---|---|---|---|---|---|
| 1 | A4/403/20 22/1/20 | സുരേഷ്കുമാർ | 180.03 | പാർപ്പിടാവശ്യം | 1260 | 540.09 |
| 2 | A4/1143/20 26/2/20 | അരവിന്ദാക്ഷൻ പിള്ള | 344.65 | പാർപ്പിടാവശ്യം | 2413 | 1033.95 |
| 3 | A44840/19 26/8/19 | സുധാകരൻ | 312.12 | പാർപ്പിടാവശ്യം | 1561 | 936.36 |

ഭാവിയിൽ ഇത്തരം അപാകം ഒഴിവാക്കേണ്ടതാണ്.

## 1-13 തൊഴിൽനികുതി അപാകതകൾ

1. തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 ന് ആനുപാതികമായി അല്ലാതെ താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.

| സ്ഥാപനം | ഉദ്യോഗസ്ഥന്റെ പേര് | അർദ്ധ വർഷം | തൊഴിൽ നികുതിയ്ക്ക് കണക്കാക്കാവുന്ന വരുമാനം | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|
| പി.എച്ച്.സി മുദാക്കൽ | ദിവ്യ. ഡി.എസ് (ലാബ് ടെക്നീഷ്യൻ) | I Half | 84000 | 450 | 750 | 300 |
| | | II Half | 84000 | 450 | 750 | 300 |
| ഗവ.എൽ.പി.എസ് മുദാക്കൽ | ലത(പി.ടി.സി.എം) | II Half | 99168 | 600 | 750 | 150 |

| | | | | | | |
|---|---|---|---|---|---|---|
| ഗവ.എൽ.പി.എസ് ചെമ്പൂർ | ഷഫീഖ്.കെ (ജൂനിയർ അറബിക് ടീച്ചർ) | II Half | 181440 | 624* | 1250 | 626 |
| | ഈശ്ശ കുഞ്ഞു (പി.ടി.സി.എം) | II Half | 120048 | 750 | 1000 | 250 |

ഇത് സംബന്ധിച്ച ഓഡിറ്റ്എൻക്വയറി നം. 7 ന് കുറവ് വന്ന തുക അടയ്ക്കുന്നതിനായി ജീവനക്കാർക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും 624/- രൂപ ഈടാക്കിയത് ഫ്രണ്ട് ഓഫീസിൽ വന്ന പിഴവാണെന്നും അത് പരിഹരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതും തൊഴിൽ നികതി ഈടാക്കുമ്പോൾ അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി ഈടാക്കുന്നുവെന്നുറപ്പ് വരുത്തേണ്ടതുമാണ്.

2. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1996-ലെ കേരള പഞ്ചായത്ത്‌രാജ്(തൊഴിൽനികുതി ചട്ടങ്ങൾ) ചട്ടം 4,5,6 എന്നിവ അനുശാസിക്കും പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളിൽനിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | സ്ഥാപനതൊഴിൽനികുതി അടവാക്കേണ്ടുന്നത് |
|---|---|---|
| 1 | അലിൻ കാഷ്യൂ | I&II Half |
| 2 | കൺസ്യൂമർ സഹകരണ സംഘം, പൊയ്യമുക്ക് | I&II Half |
| 3 | ഡാൽമിയ സിമന്റ് | I&II Half |
| 4 | രേവതി ഓഡിറ്റോറിയം | I&II Half |
| 5 | K.S.C.S.C താലൂക്ക് ഡിപ്പോ | I&II Half |
| 6 | നിബിന ഫ്യൂവൽസ് | I&II Half |
| 7 | പള്ളിയറ ക്വാറി | I&II Half |
| 8 | ഭാവന ഓഡിറ്റോറിയം | I&II Half |
| 9 | ശ്രീ സത്യസായി വിദ്യാമന്ദിർ | I&II Half |
| 10 | ബി.എസ്.എൻ.എൽ | I&II Half |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 7ന് മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്നും സ്ഥാപന നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സ്ഥാപന തൊഴിൽ നികുതി ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഈയിനത്തിൽ തനത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

3.റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്ന .

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 15 റേഷൻ കടകളിൽ 10 റേഷൻ കടകൾക്ക് 2019-20 വർഷത്തേയ്ക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും നൽകേണ്ടുന്ന ലൈസൻസ് അനുവദിച്ചുനൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 2ന് തൊഴിൽ നികുതി അടയ്ക്കാത്ത റേഷൻ കടകൾക്ക് ഈ സാമ്പത്തിക വർഷം മുതൽ തൊഴിൽ നികുതി അടയ്ക്കുന്നതിനും ലൈസൻസ് എടുക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019ലെ (സി.എസ്) എ9-764/2019-ാം നം.കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതിനാൽ റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത വിവരം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്

4. കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2019-20 വർഷം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ലഭ്യമാക്കിയ കരാറുകാരുടെ ലിസ്റ്റ് പ്രകാരം 7 കരാറുകാർ പഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം | പേര് | വിലാസം |
|---|---|---|
| 1 | അനി.സി.ബി | എം.സിബി. സദനം, ആറാന്താനം |
| 2 | സജീഷ് കുമാർ | സന്തോഷ് വില്ല, ന്യൂ എൽ.എം.എസ് ചർച്ച്, ആറ്റിങ്ങൽ |
| 3 | ശെൽവരാജ് | സൗമ്യഭവൻ,അയിര.പി.ഒ |
| 4 | ബിജി | ബംഗ്ലാവിൽ വീട്,തണ്ണോംപൊയ്ക |
| 5 | സജീവൻ | എ.എം.എസ്, ഇടത്തുമൺ |
| 6 | ജയൻ നായർ | ചാരുവിള പുത്തൻ വീട്, ഇളമ്പ |
| 7 | ഷാൻ.എസ് | എസ്.ആർ കോട്ടേജ്, ഞാവേലിക്കോണം |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.3ന് കരാറുകാരുടെ പേരു വിവരം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. മേൽ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ തൊഴിൽ നികുതി ഈടാക്കുവാനുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-14 വസ്തു നികുതി- അപാകതകൾ

വസ്തു നികുതി നിർണ്ണയം പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

I) വസ്തുനികുതി നിർണ്ണ യിച്ചതിൽ മേൽക്കൂരയുടെ തരംതെറ്റായി രേഖപ്പെടുത്തി.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6 പ്രകാരം വിവിധ ഘടകങ്ങളെ അടിസ്ഥാനമാക്കി അടിസ്ഥാന വസ്തു നികുതിയിൽ ഇളവുകളും വർദ്ധനവുകളും

അനുവദിക്കാവുന്നതാണ്. കെട്ടിടത്തിന്റെ മേൽക്കൂരയുടെ തരം കോൺക്രീറ്റാണെങ്കിൽ വസ്തുനികുതിയിൽ ഇളവോ വർദ്ധനവോ ഇല്ല. എന്നാൽ കുറഞ്ഞതരം മേൽക്കൂര (ഓട്, ഷീറ്റ്,ഓല, പുല്ല്) ആണെങ്കിൽ 10% ഇളവ് അനുവദനീയമാണ്. ഫയൽ നം. എ43135/19/3.6.2019 പരിശോധിച്ചതിൽ എ.ഇയുടെ റിപ്പോർട്ടിലും ഫീൽഡ് സ്റ്റാഫിന്റെ വെരിഫിക്കേഷൻ റിപ്പോർട്ടിലും മേൽക്കൂരയുടെ തരം കോൺക്രീറ്റാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ കെട്ടിട നം. 7/221കെയുടെ മേൽക്കൂരയുടെ തരം കുറഞ്ഞതരം മേൽക്കൂര(ഓട്, ഷീറ്റ്,ഓല, പുല്ല്) ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി അടിസ്ഥാനവസ്തു നികുതിയിൽ 10% ഇളവ് അനുവദിച്ചിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 7/221കെ | ദിനേശൻ, സദാനന്ദൻ ബിൽഡിംഗ് | ഷോപ്പ് | 67 $M^2$ |

| | സഞ്ചയയിലെ നികുതി നിർണയം | യഥാർത്ഥ നികുതി |
|---|---|---|
| അടിസ്ഥാന വസ്തു നികുതി നിരക്ക്( ച .മീ) രൂപ | 40 | 40 |
| അടിസ്ഥാന വസ്തു നികുതി രൂപ | 2680 | 2680 |
| അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള ഇളവുകള് | | |
| (എ .)മേഖല (തുക) | ഇല്ല | ഇല്ല |
| (ബി. )വഴി സൗകര്യം (തുക) | ഇല്ല | ഇല്ല |
| (സി. )മേൽക്കൂര (തുക) | 268 | ഇല്ല |
| (ഡി. )കാലപ്പഴക്കം (തുക) | ഇല്ല | ഇല്ല |
| (ഇ. )ആകെ ഇളവ്(%) | 10% | ഇല്ല |
| (എഫ്. )ആകെ ഇളവ്(തുക) | 258 | ഇല്ല |
| അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള വർദ്ധനവുകൾ | 536 | 536 |

| | വാർഷിക തുക | വാർഷിക തുക |
|---|---|---|
| വസ്തു നികുതി (തുക) | 2948 | 2680 |
| ലൈബ്രറി സെസ്സ് (തുക) | 148 | 134 |
| സർവ്വീസ് ചാർജ്ജ് (തുക) | 0 | 0 |
| സർചാർജ്ജ് 1 (തുക) | 0.00 | 0.00 |
| സർചാർജ്ജ് 2 (തുക) | 0.00 | 0.00 |
| ആകെ (തുക) | 3096 | 2814 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 40 ന് മേൽക്കൂരയുടെ തരം തിരഞ്ഞെടുത്തപ്പോളുള്ള ക്ലറിക്കൽ പിഴവാണെന്നും പ്യൂരിഫിക്കേഷൻ നടത്തി മേൽക്കൂരയുടെ തരം മാറ്റിയിട്ടുണ്ടെന്നും അവശേഷിക്കുന്ന കടിശ്ശിക തുക ഈടാക്കി റിപ്പോർട്ട് ചെയ്യുന്നതാണെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

II കെട്ടിടത്തിന്റെ കാലപ്പഴക്കം രേഖപ്പെടുത്തിയതിൽ അപാകത

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6,2013-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേതഗതി ചട്ടങ്ങൾ, ചട്ടം 2(2)(iv) പ്രകാരം കെട്ടിടത്തിന്റെ കാലപ്പഴക്കം പരിഗണിച്ച് 10 വർഷം മുതൽ 25 വർഷത്തിന് താഴെ പഴക്കമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ 10% ഇളവും 25 വർഷം മുതൽ 50 വർഷത്തിന് താഴെ പഴക്കമുള്ള കെട്ടിടങ്ങൾക്ക് 20% ഇളവും 50 വർഷമോ അതിൽ കൂടുകലോ പഴക്കമുള്ള കെട്ടിടങ്ങൾക്ക് 50% ഇളവും അനുവദിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ അസസ്സ്മെന്റ് രജിസ്റ്ററിലെ 4-മത്തെ വാർഡ് മാത്രം പരിശോധിച്ചതിൽ കെട്ടിടങ്ങൾക്ക് തെറ്റായ കാലപ്പഴക്കം രേഖപ്പെടുത്തി നികുതി ഇളവ് അനുവദിച്ചു . ഉദാഹരണം ചുവടെ

| കെട്ടിട നം. | ഉടമ | ഉപയോഗക്രമം | വിസ്തീർണ്ണം | നികുതി നിർണ്ണയം | രേഖപ്പെടുത്തിയ കാലപ്പഴക്കം |
|---|---|---|---|---|---|
| 4/279 | ദിവാകരൻ, ദിവ്യാനിവാസ് | പാർപ്പിടം | 141 ച.മീ | 2019 II Half | 18 വർഷം |
| 4/773 | വാസുദേവൻ, കോട്ടൂർവീട് | വാണിജ്യം | 10 ച.മീ | 2013 Ihalf | 10 വർഷം |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 32 ന്4/279ാംനം. കെട്ടിടം സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ലായിരുന്നുവെന്നും 2019 രണ്ടാം പകുതിയിൽ അപാകത കണ്ടെത്തിയതിനെ തുടർന്ന് ടി കെട്ടിടം സഞ്ചയയിൽ ഉൾപ്പെടുത്തുകയും എന്നാൽ കെട്ടിടത്തിന് 18 വർഷത്തെ കാലപ്പഴക്കം ഉള്ളതിനാൽ അത് സഞ്ചയയിൽ രേഖപ്പെടുത്തുകയും ആണ് ചെയ്തിട്ടുള്ളതെന്നും കെട്ടിട ഉടമ എക്സ്സർവീസ് മെൻ ആയതിനാൽ ടി കെട്ടിടത്തിന് നികുതി ഒഴിവാക്കി നൽകുകയും ചെയ്തിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. അസസ്സ്മെന്റ് രജിസ്റ്റർ തയ്യാറാക്കുമ്പോൾ നികുതി പരിധിയിൽ എല്ലാ കെട്ടിടങ്ങളും ഉൾപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും അപാകതകളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

III വസ്തുനികുതി -മേഖലാനിർണ്ണയത്തിലെ അപാകതകൾ

1) 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വീതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ

രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. അത്തരത്തിലൊരു മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നവെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2)ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ/കെട്ടിടത്തിലെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണ്ണയം നടത്തിയിട്ടുണ്ട്. ഉദാഹരണമായി.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | പ്രദേശം | മേഖല |
|---|---|---|---|---|
| 1 | 6/23 | ശ്രീദേവി, ശ്രീകോവിൽ, രാലൂർക്കാവ് | ത്രിതീയം | ആറ്റിങ്ങൽ-വാമനാപുരം |
| | 6/25 | | ദ്വിതീയം | ആറ്റിങ്ങൽ-വാമനാപുരം |
| 2 | 6/26ബി | രേണുക, മുട്ടോട്ടുവീട്, ഇളമ്പ | ദ്വിതീയം | ആറ്റിങ്ങൽ-വാമനാപുരം |
| | 6/27 | | ത്രിതീയം | ആറ്റിങ്ങൽ-വാമനാപുരം |
| 3 | 6/320 | അനിൽകുമാർ, പി.ബി.ഹൗസ്, ഇളമ്പ | ദ്വീതീയം | ആറ്റിങ്ങൽ-അയിലം |
| | 6/321 | | ത്രിതീയം | ആറ്റിങ്ങൽ-അയിലം |
| 4 | 6/405 | കരുണാകരൻ, ലതികാഭവൻ,ഇളമ്പ | ദ്വീതീയം | ആറ്റിങ്ങൽ-അയിലം |
| | 6/406 | | ത്രിതീയം | ആറ്റിങ്ങൽ-അയിലം |
| 5 | 6/490 | മോഹനൻനായർ, ശ്രീമാധവം, | ദ്വിതീയം | ആറ്റിങ്ങൽ-വാമനാപുരം |
| | 6/491 | | ത്രിതീയം | ആറ്റിങ്ങൽ-വാമനാപുരം |

| | | | | |
|---|---|---|---|---|
| 6 | 6/498 | കമലമ്മ, മണവൂർകോണത്തു വീട് | ത്രിതീയം | വാമനപുരം |
| | 6/499 | | ദ്വിതീയം | വാമനപുരം |
| 7 | 6/584 | സരസ്വതി അമ്മ, വാരിയംകോണത്തുവീട് | ത്രിതീയം | വാമനപുരം |
| | 6/583 | | ദ്വിതീയം | വാമനപുരം |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 29 ന് ഒരേ പ്രദേശത്തെ കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിക്കുമ്പോൾ റോഡിന് സമീപത്തുള്ള കെട്ടിടങ്ങൾക്ക് പ്രഥമം, ദ്വിതീയം എന്നിങ്ങനെ മേഖലാ നിർണ്ണയം നടത്തുകയും എന്നാൽ റോഡിൽ നിന്നും ഉള്ളിലോട്ട് വാഹനം എത്തിച്ചേരാത്ത പ്രദേശങ്ങളിൽ ഉള്ള കെട്ടിടങ്ങൾക്ക് ത്രിതീയ മേഖല എന്ന് രേഖപ്പെടുത്തുകയുമാണെന്നും എന്നാൽ റോഡിന്റെ പേര് ഒന്നു തന്നെ ആയിരിക്കും എന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. ലിസ്റ്റിൽ പറയുന്ന കെട്ടിടങ്ങൾ അടിയന്തിരമായി പരിശോധിച്ച് മേഖലയിൽ വ്യത്യാസം ഉണ്ടെങ്കിൽ സഞ്ചയയിൽ രേഖപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേഖലാ നിർണ്ണയം നടത്തേണ്ടത് വസ്തു നികുതി ചട്ടത്തിൽ പട്ടിക 1 ൽ പ്രതിപാദിക്കുന്ന വിധമാണ് എന്നതിനാൽ തെറ്റായ രീതിയിലാണ് നികുതി നിർണ്ണയം നടത്തിയിരിക്കുന്നതെന്ന് മറുപടിയിൽ നിന്ന് വ്യക്തമാകുന്നു.

പഞ്ചായത്ത് പരിധിയിലെ മുഴുവൻ വാർഡുകളിലേയും ഇത്തരത്തിലുള്ള എല്ലാ കെട്ടിടങ്ങളേയും കണ്ടെത്തേണ്ടതും ഈയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യം ശ്രദ്ധിക്കേണ്ടതും തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

IV -60 ച.മീ-വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി ഒഴിവാക്കിയതിലെ അപാകതകൾ

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇളവിനായി ഓരോ പഞ്ചവർഷ അസ്സസ്മെന്റ് കാലയളവിലേയ്ക്കും കെട്ടിട ഉടമകളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചു നൽകിയിട്ടുണ്ട്. അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) സത്യവാങ്മൂലം സമർപ്പിക്കാത്തവർക്ക് കെട്ടിട നികുതിയിളവ് നൽകി

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കുമ്പോൾ കെട്ടിട ഉടമ ഗ്രാമപഞ്ചായത്തിൽ സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്ന സഞ്ചയ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. വാർഡ് 16 പരിശോധിച്ചതിൽ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട.നം | പേര് /വിലാസം |
|---|---|---|
| 1 | 16/5 | ശ്രീദേവി അമ്മ |
| 2 | 16/6 | ഭാർഗ്ഗവി അമ്മ |
| 3 | 16/8 | സരസ്വതിഅമ്മ |
| 4 | 16/16 | കെ.കെ.മണിയൻ |
| 5 | 16/106 | രാധമ്മ |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 26 ന് സത്യവാങ്മൂലം ഡേറ്റാ എൻട്രി നടത്തിയ സമയത്ത് സഞ്ചയ സോഫ്റ്റ്വെയർ ഡിസ്ക്രിപെൻസി മൂലം Yes എന്ന് രേഖപ്പെടുത്താതിരുന്നതിനാലാണ് ടി കെട്ടിടങ്ങൾ സത്യവാങ്മൂല്യം ഹാജരാക്കാതെ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടതെന്നും അപാകത പരിഹരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ബി) 60 ച.മീ വരെ വിസ്തീർണ്ണമുള്ള ഒരാളുടെ ഒന്നിലധികം കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകി

ജി.ഒ(ജി.ഒ(എം.എസ് ).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കുകയും കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉടമസ്ഥൻ |
|---|---|---|
| 1 | 5/178 | രാജേന്ദ്രൻ, പണ്ടാരവിള വീട് |
| | 5/179 | |
| 2 | 13/14എ | ശശിധരൻനായർ, ജയവിലാസം |
| | 13/14 | |
| 3 | 13/43എ | ലീല, സജനാഭവൻ |
| | 13/43 | |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 26 ന് അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

സി) മുൻകാല പ്രാബല്യത്തില് നികുതിയിളവ് നൽകി .

ജി.ഒ(എം.എസ് ).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ കെട്ടിടങ്ങൾക്ക് മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കിയിട്ടുണ്ട്. ഉദാഹരണം വാർഡ് 12 ൽ നിന്നും ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട.നം | പേര് | ഇളവ് നൽകിയ കാലയളവ് |
|---|---|---|---|
| 1 | 12/9 | ബി.രാജമ്മ | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 2 | 12/78 | ഷാജി | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 3 | 12/131 | രാജേഷ് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 4 | 12/136 | ഭുവനചന്ദ്രൻനായർ | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 5 | 12/140 | ഷീജ | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 6 | 12/195 | സരസമ്മ | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 7 | 12/232 | രാജൻപിള്ള | 2013 ഒന്നാം അർദ്ധ |

| | | | |
|---|---|---|---|
| | | | വർഷം മുതൽ |
| 8 | 12/329 | ശശിധരൻ | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 9 | 12/401 | ഗോപിനാഥൻനായർ | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 10 | 12/286 | തങ്കമ്മ | 2013 ഒന്നാം അർദ്ധ വർഷം മുതൽ |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയരി നം. 26-ന് പ്രസ്തുത കെട്ടിടങ്ങൾ 2013 മുതൽ എ.ആർ.വി പൂജ്യം ആയ കെട്ടിടങ്ങളാണെന്നും അതിനാൽ കെട്ടിടങ്ങൾക്ക് സഞ്ചയയിൽ നികുതി വന്നിരുന്നില്ലായെന്നും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നികുതി ഒഴിവാക്കി നൽകിയപ്പോൾ മേൽ കെട്ടിടങ്ങൾക്ക് മുൻപും നികുതി ഇല്ലാത്തതിനാലാണ് വ്യത്യാസം ശ്രദ്ധയിൽപ്പെടാതിരുന്നതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

അപാകതകൾ പരിഹരിക്കേണ്ടതും തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്, വസ്തു നികുതി ഈടാക്കുന്നതിൽ ചോർച്ച സംഭവിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നതിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ അനിവാര്യമാണ്.

V നികുതി നിർണയം നടത്താതെ വസ്തു നികുതി പിരിച്ചെടുത്തു.

സഞ്ചയ സോഫ്റ്റ്‌വെയറിൽ വസ്തു നികുതി ഡിമാന്റ് വിവരങ്ങൾ സംബന്ധിച്ച് വാർഡ് 13 മാത്രം പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യാതെ നികുതി പിരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നില നിൽക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണം ചുവടെ.

| വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം | നാളിതുവരെ പിരിച്ചെടുത്ത തുക |
|---|---|---|---|---|
| 13/248എ | ഹിമ, സുനീഷ് | പാർപ്പിടം | 59.16ച.മീ | 1405 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 33 ന് പ്രസ്തുത കെട്ടിടത്തിന് നികുതി ഒഴിവാക്കുന്നതിന് അപേക്ഷ നൽകിയ സമയത്ത് ക്ലറിക്കൽ പിശക് മൂലം മുൻകാല പ്രാബല്യത്തോടു കൂടിനികുതി ഒഴിവാക്കിയതിനാലാണ് തുക അഡ്വാൻസായി നിൽക്കുന്നതെന്നും മേൽത്തുക കെട്ടിട ഉടമസ്ഥൻ റീഫണ്ട് ചെയ്യുന്നതിന് ആവശ്യപ്പെട്ടിട്ടില്ലായെന്നും നിലവിൽ സഞ്ചയ പ്യൂരിഫിക്കേഷൻ ആക്ടീവ് ആയിട്ടുള്ളതിനാൽ 2015 മുതൽ നികുതി ഇളവ് രേഖപ്പെടുത്തി അപാകത പരിഹരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ വാർഡുകളിലേയും ഇത്തരത്തിൽ ഡിമാന്റ് ഇല്ലാതെ നികുതി പിരിച്ചെടുത്ത കെട്ടിടങ്ങളെ കണ്ടെത്തേണ്ടതും തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

VI മിസ്സിംഗ് നമ്പേഴ്സ്- തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

വസ്തു നികുതിയുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ്‌വെയറിൽ ഓരോ വാർഡിലും 'മിസിംഗ് ബിൽഡിംഗ് ' ആയി ആകെ 2194 കെട്ടിടങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | മിസിംഗ് ബിൽഡിംഗുകളുടെ എണ്ണം |
|---|---|
| 1 | 969 |
| 2 | 0 |
| 3 | 1107 |

| | |
|---|---|
| 4 | 1 |
| 5 | 1 |
| 6 | 278 |
| 7 | 349 |
| 8 | 2 |
| 9 | 224 |
| 10 | 17 |
| 11 | 4 |
| 12 | 0 |
| 13 | 1 |
| 14 | 1 |
| 15 | 88 |
| 16 | 1 |
| 17 | 82 |
| 18 | 0 |
| 19 | 286 |
| 20 | 984 |
| ആകെ | 4395 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.39 ന് ലഭ്യമാക്കിയ മറുപടിയിൽ ഡാറ്റാ എൻട്രി നടത്തിയ സമയത്ത് പൊളിച്ച മാറ്റിയ കെട്ടിടങ്ങൾക്കും പഴയ നമ്പർ ഇല്ലെന്ന് ബോധ്യപ്പെട്ട കെട്ടിടങ്ങളേയും ഒഴിവാക്കിയിട്ടുണ്ടെന്നും ഇത്രയധികം മിസ്സിംഗ് നമ്പരുകൾ വരുന്നതിന് സാധ്യതയില്ലായെന്നും സഞ്ചയയിൽ നിന്നും ഈ കെട്ടിടങ്ങളുടെ ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഫീൽഡ് പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിടങ്ങൾ മിസ്സിംഗ് ബിൽഡിംഗുകളുടെ ഗണത്തിൽ ഉൾപ്പെടുത്താനുണ്ടായ സാഹചര്യം, അവയ്ക്ക് നികുതി നിർണയിച്ച് ഈടാക്കാത്തതിനുള്ള കാരണം, കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ, മിസ്സിംഗ് ബിൽഡിംഗുകളുടെ വിഷയത്തിൽ ഇതുവരെ സ്വീകരിച്ച തുടർ നടപടികൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

VII ഡിമോളിഷ്ഡ് ബിൽഡിംഗ് -അപാകതകൾ

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ച് കളയുമ്പോൾ കെട്ടിട ഉടമ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. എന്നാൽ കെട്ടിടങ്ങൾ പൊളിച്ച് നീക്കി എന്ന കാരണത്താൽ മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണമായി

| ക്രമ നം | ഫയൽ നം.തീ | കെട്ടിട നം | പേര് | ഉപയോഗക്രമം | ഒഴിവാക്കിയ കാലയളവ് | ഒരു അർദ്ധവർഷത്തേക്ക് ഡിമാന്റ് ചെയ്തിട്ടുള്ള നികുതി |
|---|---|---|---|---|---|---|
| 1 | A4/1515/ 19/11.3.2020 | 8/169 | പുരുഷോത്തമൻ | പാർപ്പിടം | 2019 ആദ്യ അർദ്ധ വർഷം | 12 |

| | | | | | | |
|---|---|---|---|---|---|---|
| 2 | A4/1515/ 19/3.3.2020 | 5/226 | സുനിത | പാർപ്പിടം | 2019 ആദ്യ അർദ്ധ വർഷം | 42 |
| 3 | B3/1449/ 20/14.3.2020 | 4/610 | എം.അലിയാരുകുഞ്ഞ് | പാർപ്പിടം | 2019 ആദ്യ അർദ്ധ വർഷം | 24 |
| 4 | B3/151/ 2020/18.1.2020 | 4/442 | എം.നദീറാബീവ | പാർപ്പിടം | 2019 ആദ്യ അർദ്ധ വർഷം | 19 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 42 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടങ്ങൾക്ക് മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കി നൽകിയതിന്റെ കാരണവും നികുതി ഒഴിവാക്കിയതിന്റെ അപേക്ഷയും, ഫയലും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനവും ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.36ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി ഇനത്തിൽ ഭീമമായ തുക ഒഴിവാക്കി നൽകിയത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തെ ഗുരുതര വീഴ്ചയാണ്. നികുതി ഒഴിവാക്കി നൽകിയതിന്റെ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം ഉൾപ്പെട്ട വിശദമായ റിപ്പോർട്ട് ഓഡിറ്റ് ലഭ്യമാക്കേണ്ടതാണ്.

VIII 60 ച.മീ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കും നികുതി ഈട ാക്കിയിട്ടില്ല.

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കാണ് നികുതി ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ 60 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കും നികുതി കണക്കാക്കിയതായി കാണുന്നില്ല. വാർഡ് 5, 18എന്നിവ മാത്രം പരിശോധിച്ചതിൽ ഉദാഹരണം ചുവടെ

| വാർഡ്/കെട്ടിട.നം | പേര് /വിലാസം | വിസ്തീർണ്ണം |
|---|---|---|
| 5/33 | ഗോവിന്ദൻ | 64ച.മീ |
| 5/72 | സമീന | 80ച.മീ |
| 5/109 | രാജു | 70ച.മീ |
| 5/169 | തിലകഷാജി | 72ച.മീ |
| 5/177 | ഷിൻമോൻ | 72ച.മീ |
| 5/186 | ഉണ്ണികൃഷ്ണൻ | 70ച.മീ |
| 5/240 | രാധാമണി | 63ച.മീ |
| 5/261 | സുദർശനൻ | 63ച.മീ |
| 5/265 | ബിന്ദുലാൽ | 72ച.മീ |
| 5/267 | കൃഷ്ണൻ | 80ച.മീ |

| | | |
|---|---|---|
| 5/269 | കെ.ഭാർഗവൻ | 64ച.മീ |
| 5/272 | ദേവകിഅമ്മ | 80ച.മീ |
| 5/330 | ശാരദ | 88ച.മീ |
| 5/485 | രാഘവൻ.പി | 64ച.മീ |
| 5/534 | ശിവാനന്ദൻ | 80ച.മീ |
| 5/615 | ദേവയാനി | 99ച.മീ |
| 5/650 | ദിവാകരൻ | 72ച.മീ |
| 18/244 | ഷൈല | 78ച.മീ |
| 18/746 | സുകുമാരി അമ്മ | 78ച.മീ |
| 18/747 | ജയസിംഹൻ | 65 ച.മീ |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 25 ന് സഞ്ചയ സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനു മുൻപ് എ.ആർ.വി പ്രകാരമായിരുന്നു നികുതി നിർണ്ണയം നടത്തിയിരുന്നതെന്നും സർക്കാർ ഉത്തരവ് പ്രകാരം 2000 ച.മീ താഴെയുള്ള കെട്ടിടങ്ങൾക്ക് എ.ആർ.വി പ്രകാരം മാത്രം നികുതി നിർണ്ണയിക്കുന്നതിന് നിർദ്ദേശം ലഭിച്ച അവസരത്തിൽ ബേസ് ഡേറ്റയിൽ മാറ്റം വരുത്തിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ രേഖപ്പെടുത്താത്ത കെട്ടിടങ്ങൾക്ക് നികുതിസോഫ്റ്റ് വെയറിൽ ലഭിച്ചിരുന്നില്ലായെന്നുംമറുപടി ലഭ്യമാക്കിയിരിക്കുന്നു. ഇത്തരത്തിൽ ഡിമാന്റ് ചെയ്യാത്ത കെട്ടിടങ്ങൾ കണ്ടെത്തി ഡിമാന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 20 വാർഡുകളിലേയും ഇത്തരത്തിൽ നികുതിയിൽ നിന്ന് ഒഴിവായിപ്പോയിട്ടുള്ള മുഴുവൻ കെട്ടിടങ്ങളേയും കണ്ടെത്തേണ്ടതും നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്

## 1-15 മരാമത്ത് ഗുണഭോക്തൃ കമ്മിറ്റി നിർവ്വഹിച്ച പ്രവൃത്തി -അപാകങ്ങൾ

പ്രോജക്ട് നം.-145/19-20

പ്രോജക്ടിന്റെ പേര്-ബഡ്സ്കൂൾ മെയിന്റനൻസ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസി.എഞ്ചിനീയർ

നിർവ്വഹണ എജൻസി-ഗുണഭോക്തൃകമ്മിറ്റി
കൺവീനർ – ശ്രീമതി.സുനിത കുമാരി
അടങ്കൽ തുക – 450000/-

ചെലവ് തുക-427405/-രൂ.
ഫണ്ടിനം – ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ടി പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപറയുന്ന അപാകങ്ങൾ കണ്ടു.

1.GO (MS)11/18/തസ്വഭവ.തീ.29-1-18, GO (MS)17/18/തസ്വഭവ.തീ.2-2-18 എന്നിവ പ്രകാരം, ഗുണഭോക്തൃ കമ്മിറ്റി രൂപീകരിച്ചതിന്റെയും, എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചതിന്റെയും മിനിട്സ് ഫയലിൽ ഇല്ല.

2. ശ്രീമതി.സുനിതാകുമാരിയെ കൺവീനറായി തെരഞ്ഞെടുത്തത്, പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിന്റെ മിനിട്സ് ഫയലില്ല.

3. ഫയലിന്റെ Facing Sheet ൽ കൺവീനറുടെ പേരിനൊപ്പം 'Contractor Selvaraj 'എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

4. പ്രവൃത്തി നടത്തുന്നതിനുപയോഗിച്ച സാധന സാമഗ്രികളുടെ തരം,വില,തൊഴിലാളികളുടെ എണ്ണം, കൂലി എന്നിവ ഉൾപ്പെടെ എല്ലാ വരവ് ചെലവ് കണക്കുകളും, ഫയലിൽ ഉൾപ്പെടുത്തേണ്ടതാണ്, എന്നാൽ, ടി വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങിയതിന്റെ രണ്ടു ബില്ലുകളും, ഇലക്ട്രിക്കൽ വർക്കിന്റെ രണ്ടു മസ്റ്റർ റോളുകളും മാത്രമേ ഫയലിൽ ഉള്ളൂ. ബിൽ പ്രകാരം, മൊത്തം 37 ഇനം പ്രവൃത്തികളും, 4 എക്സ്ട്രാ ഐറ്റം പ്രവൃത്തികളുമായി ടൈലിംഗ്, മരപ്പണി, മേസണറി, പ്ളംബിംഗ് ഉൾപ്പെടെ കെട്ടിട നിർമ്മാണത്തിനാവശ്യമായ എല്ലാ ഇനം പ്രവൃത്തികളും ചെയ്തിട്ടുണ്ടെങ്കിലും, ആയവയ്ക്കുള്ള സാധനങ്ങൾ, സേവനങ്ങൾ എന്നിവയുടെ വാങ്ങൽ രേഖകൾ ഫയലിൽ ഇല്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം28). മറുപടി നൽകിയിട്ടില്ല.

5. മേൽ ഉത്തരവ് പ്രകാരം, കൺവീനറുടെയും, ചെയർപേഴ്സന്റെയും പേരിൽ ബാങ്ക് Joint Account തുടങ്ങി,

അതിലൂടെയാണ് പണമിടപാട് നടത്തേണ്ടത്. എന്നാൽ കൺവീനറുടെ പേരിൽ ഏപ്രിൽ 2018 മുതൽ നിലവിലുള്ള ബാങ്ക് പാസ് ബുക്കിന്റെ പകർപ്പാണ് ഫയലിൽ ഉള്ളത്. മേല്പറഞ്ഞ അപാകങ്ങൾക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി നം.47 ന് മറുപടി നൽകിയിട്ടില്ല.

## 1-16 സമഗ്ര നെൽകൃഷി വികസനം -രേഖകൾ ഹാജരാക്കിയില്ല -ചെലവു തുക 244320/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം | 124/20 |
| പ്രോജക്റ്റിന്റെ പേര് | സമഗ്ര നെൽകൃഷി വികസനം |
| അടങ്കൽ | 305400 |
| ചെലവ് | 244320 |
| ഫണ്ടിനം | വികസന ഫണ്ട്, |
| ബിൽ നം | 1/19-20 Dt 28-9-19 -40320(വികസന ഫണ്ട്)<br>6/19-20 Dt 26-2-20 -102000(ബ്ളോക്ക് വിഹിതം<br>വൌച്ചർ നം 21901079/23-3-20 -102000(ജില്ല പഞ്ചായത്ത് വിഹിതം ) |
| ഓഡിറ്റ്എൻക്വയറി നം | 31/11-11-21 |

മുദാക്കൽ പഞ്ചായത്തിലെ അയിലം ഇളമ്പ ഇടക്കോട് കട്ടയിൽ കോണം പിരപ്പമൺ കോട് എന്നീ പാടശേഖര സമിതികൾ മുഖേന കർഷകർക്ക് ഒന്നാം വിള നെൽകൃഷിക്കുള്ള വിത്ത് നൽകുന്നതിനും കൂലി ചെലവ് സബ്സിഡി സ്ഥല പരിശോധന നടത്തി കൃഷി ചെയ്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തിയ ശേഷം കർഷകരുടെ അക്കൌണ്ടിലേക്ക് നൽകുന്നതിനുമാണ് പദ്ധതി .

പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധനവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ കണ്ടു .

A. പഞ്ചായത്തിലെ 2019-20 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ആകെ കൃഷി ചെയ്യുന്ന നെൽ വയൽ വിസ്തീർണ്ണം 16 ഹെക്ടറും നെൽ കൃഷി യോഗ്യമാണെങ്കിലും കൃഷി ചെയ്യാത്തതായി 28 ഹെക്ടറും ഭൂമിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ടി ഭൂമിയിൽ കൃഷി ചെയ്യുന്നതിനായി നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല .

B. ബിൽ നം 1/19-20 Dt 28-9-19 പ്രകാരം 40300/- രൂപ KSSDA- ക്ക് നൽകിയിട്ടുണ്ട്. സ്ഥാപനം വിത്ത് വിതരണം നടത്തിയതിന്റെ ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല .

C. ടി വിത്തുകളുടെ വിതരണ വിവരം ലഭ്യമല്ല. പാടശേഖര സമിതിക്കാണ് നൽകിയതെങ്കിൽ ആയതിന്റെയും കർഷകർക്ക് വിതരണം ചെയ്തതിന്റെയും രേഖ ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല .

D. കർഷകർ കൃഷി ചെയ്തിട്ടുണ്ടെന്ന് കൃഷി ഓഫീസർ ഉറപ്പ് വരുത്തിയതിന ശേഷമാണ് സബ്സിഡി അനുവദിക്കേണ്ടത് എന്നാൽ അപ്രകാരം ഉറപ്പുവരുത്തിയതായി രേഖപ്പെടുത്തലുകൾ ഇല്ല.

E. സിന്ധുകുമാരി അറപ്പുര വീട് എന്നവർക്ക് 16150/- രൂപ ബ്ളോക്ക് വിഹിതവും 16150/- ജില്ലാ ഷെയറുമായി ആകെ 32300/- രൂപ നൽകികാണുന്നു . സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.1 -6 പ്രകാരം ഒരു ഹെക്ടറിന് പരമാവധി അനുവദിക്കാവുന്നത് 17000/- രൂപയാണ് . ടിയാരിയുടെ അപേക്ഷക്കൊപ്പം വച്ചിരിക്കുന്ന ഭൂമി സംബന്ധമായ രേഖകൾ പ്രകാരം സർവ്വേ നം 87/7 മുതൽ 91/7 വരെ ആകെ 68.62 ആർ ഭൂമിയാണുള്ളത് . ആകെ കൃഷി ചെയ്ത ഭൂവിസ്തൃതി ആകെ 167.96 സെന്റാണ്. സെന്റിന് 68/- രൂപ വീതം അനുവദിക്കുമ്പോൾ ആകെ നൽകാവുന്നത് 11422/- രൂപയാണ്. അധിക തുക അനുവദിക്കാനിടയായ സാഹചര്യം വ്യക്തമാക്കുന്നതിന് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ടിയാരിയുടെ അപേക്ഷ പരിശോധിച്ചതിൽ തുക അനുവദിച്ചത് അക്കൌണ്ട് നം 36977735596 എന്നതാണ് എന്നാൽ ടി അക്കൌണ്ടിന്റെ പകർപ്പ് ഫയലിൽ ലഭ്യമല്ല. ടിയാരിയുടെ വസ്തു സംബന്ധമായ രേഖകൾ പരിശോധിച്ചതിൽ വിവിധ സർവ്വേ നമ്പറുകളിൽ ആയി കുട്ടൻ പിള്ള മകൻ ഭാസ്കരൻ നായർ എന്നവരുടെ ഉടമസ്ഥതയിലുള്ളതാണ് ഭൂമി ടിയാരി പാട്ടകൃഷി ചെയ്യുകയാണെങ്കിൽ ആയതിന്റെ രേഖയും ലഭ്യമാക്കിയിട്ടില്ല.

F. സബ്സിഡി കൈപ്പറ്റിയ താഴെ പറയുന്ന വ്യക്തികളുടെ ബാങ്ക് അക്കൌണ്ട് വിവരം ലഭ്യമാക്കേണ്ടതാണ്.

1. ഗീത എസ്

2. മുരളീധരൻ നായർ

G. ജില്ല പഞ്ചായത്ത് വിഹിതം കൃഷി ഓഫീസർക്ക് നൽകിയത് 23-3-20 നാണ് എന്നാൽ 59 ( E) ബില്ലിൽ തിയ്യതി 22-2-20 ആണെന്നു കാണുന്നു

അപാകതകൾക്ക് തൃപ്തികരമായ മറുപടി ലഭ്യമാക്കുന്നത് വരെ ചെലവു തുക 244320/- രൂപ തടസ്സത്തിൽ വക്കുന്നു.

## 1-17 ഗ്രോ ബാഗ് വിതരണം അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നം | 130/20 |
| പ്രോജക്ടിന്റെ പേര് | പച്ചക്കറി കൃഷി (ഗ്രോബാഗ്) |
| അടങ്കൽ | 150000 |
| ചെലവ് | 150000 |
| ഫണ്ടിനം | വികസന ഫണ്ട്, ഗുണഭോക്തൃ വിഹിതം |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ഓഡിറ്റ് എൻക്വയറി നം | 31/11-11-21 |

പദ്ധതി പ്രകാരം 75 കർഷകർക്ക് പച്ചക്കറി കൃഷിക്കയി ഗ്രോ ബാഗ് ( 25 എണ്ണമുള്ള ഒരു യൂണിറ്റിന് 2000/- രൂപ വീതം 1500 സബ്സിഡി) നല്കുന്നതിനാണ് വിഭാവനം ചെയ്യുന്നത്. മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണ്ടു

A. പദ്ധതി പ്രകാരം ഗ്രോ ബാഗ് കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

1.ഷാഹിദ ബീവി , ജസീന മൻസിൽ

2.തങ്കമണി കെ ആർ , അനു നിവാസ് , പൊയ്കമുക്ക്

3.സുശീല സി കൊച്ചു വീട് ചെമ്പൂര്

4.അനിത രാജൻ

5.ബാബു നന്ദനം ചെമ്പൂര്

6.മഞ്ജു ,മഞ്ജു നിവാസ് നെല്ലിമൂട്

7.സുനിത എൽ ജെ എൽ ഭവൻ ഇളമ്പ

B. കാർഷിക യന്ത്ര സേന കേന്ദ്രം ഇളമ്പ എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം 24/1-15-11-19( Printed No ആയ 75 വെട്ടിയിട്ടുണ്ട്) പ്രകാരം 75 എണ്ണം വാങ്ങിയിട്ടുണ്ട്. 14-12-19 നാണ് സപ്ലൈ ഓർഡർ നൽകുന്നത് എന്നാൽ 15-11-19 ന തന്നെ വിതരണം ചെയ്തതായി കാണുന്നു . വിതരണ രജിസ്റ്റർ പ്രകാരം 64 എണ്ണത്തിന്റെ വിതരണം മാത്രമെ രേഖപ്പെടുത്തിയിട്ടുള്ളൂ.

C. രശീതി സ്റ്റോക്ക് രജിസ്റ്റർ പേജ് 8 പ്രകാരം രശീതി നം -51994, 51995, 51997, 51998 എന്നിവ കൃഷി ഓഫീസർക്ക് ഇഷ്യൂ ചെയ്തിട്ടുണ്ടെങ്കിലും 51998-നമ്പർ രശീതി ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ബുക്ക് നം 51997 ന്റെ 71 മുതൽ 100 വരെയുള്ള രശീതികൾ ഉപയോഗിച്ചിട്ടില്ല. ആയവ ക്യാൻസൽ ചെയ്തിട്ടില്ല.

D. രശീതി നം 51994 ലിൽ 31 മുതൽ 73 വരെയുള്ള രശീതികളുടെ തിയ്യതി 14-10-19 വെട്ടിതിരുത്തി 14-11-19 എന്നാക്കിയതായി കാണുന്നു. ടി രശീതികൾ പ്രകാരമുള്ള തുകകൾ 14-11-19 നാണ് പഞ്ചായത്തിൽ അടവാക്കിയിരിക്കുന്നത്

E. രശീതി നം 51997 Dt 9-12-19 ക്യാൻസൽഡ് ആയി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിർവഹണോദ്യോഗസ്ഥൻ ആയത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ക്യാൻസൽ ചെയ്ത രസീതിയുടെ ഒറിജിനൽ പരിശോധനക്ക് ലഭ്യമാക്കിയില്ല .

അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. രസീതി ബുക്കുകൾ എല്ലാം ക്രമ പ്രകാരം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം രസീതുകൾ ഹാജരാക്കാത്തത് സാമ്പത്തിക ക്രമക്കേടിന്റെ ഭാഗമായി വിലയിരുത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-18 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ -അംഗീകാരം നേടാതെ പ്രവർത്തിക്കുന്നു

| | |
|---|---|
| പ്രോജക്റ്റ് നം | 92/20 |
| പ്രോജക്റ്റിന്റെ പേര് | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ- അദ്ധ്യാപികക്കും ആയക്കും വേതനം നൽകൽ |
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 485100 |
| ചെലവ് | 485100 |
| ഫണ്ടിനം | വികസന ഫണ്ട്-ജനറൽ |

ഗ്രാമപഞ്ചായത്തിനു കീഴിൽ 8-6-98 മുതൽ പ്രവർത്തനം ആരംഭിച്ച ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് നാളിതു വരെയായിട്ടും അംഗീകാരം ലഭിച്ചിട്ടില്ല . ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന സർക്കാർ നിർദ്ദേശങ്ങൾ കൂടി പാലിക്കപ്പെടേണ്ടതുണ്ട്.

A ) സ.ഉ (എം.എസ്) നം. 20/2018/ ത.സ്വ.ഭ.വ തീ.07/02/18 ഖണ്ഡിക 2 പ്രകാരം നിലവിൽ പ്രവർത്തിച്ചുവരുന്ന ബഡ്സ് സ്കൂൾ/ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ എന്നിവയ്ക്കു കുടുംബശ്രീ ജില്ലാ മിഷൻ കോ ഓഡിനേറ്ററുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 2 വർഷത്തേയ്ക്കു താല്ക്കാലിക അംഗീകാരം നൽകേണ്ടതും, ബി.ആർ.സികൾക്ക് സാമൂഹ്യനീതി വകുപ്പ് തുടർ അംഗീകാരം നൽകേണ്ടതുമാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ ഉത്തരവ് ഖണ്ഡിക 3 പ്രകാരം 2 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനം സ്ഥിരം അംഗീകാരത്തിനായി അപേക്ഷ ബന്ധപ്പെട്ട വകുപ്പിന് നൽകേണ്ടതാണ്. അല്ലാത്ത പക്ഷം താൽകാലിക അംഗീകാരം സ്വയം റദ്ദാകുന്നതായിരിക്കും എന്നും വ്യക്തമാക്കിയിട്ടുണ്ട്. ബി ആർ സി ക്ക് അംഗീകാരം ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി 30/11.11.21 പ്രകാരം ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടി പ്രകാരം 2005 ലും 2015 ലും സാമൂഹ്യ നീതി വകുപ്പിന്റെ അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചെങ്കിലും 11 ന്യൂനതകൾ ചൂണ്ടിക്കാട്ടി അപേക്ഷ നിരസിക്കുകയാണ് ഉണ്ടായത് എന്ന് അറിയിച്ചിട്ടുണ്ട്. നിലവിൽ 3 അപാകതകൾ പരിഹരിച്ചതായി അറിയിച്ചിട്ടുണ്ട്, ന്യൂനതകൾ പൂർണ്ണമായും പരിഹരിച്ച് താത്ക്കാലികമോ/സ്ഥിരമോ ആയ അംഗീകാരം സ്ഥാപനത്തിന് ലഭ്യമാക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കുന്നതിലേക്ക് പഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു. സാമൂഹ്യ നീതി വകുപ്പിൽ നിന്നുള്ള

അനുമതി എത്രയും വേഗം വാങ്ങേണ്ടതാണ്. 7-2-18 തിയ്യതിയിലെ സ ഉ 20/2018/ത സ്വ ഭ വ ഉത്തരവിൻ പ്രകാരം തനത് ഫണ്ട് കുറഞ്ഞ തദ്ദേശ സ്ഥാപനങ്ങൾ ബി ആർ സി സെന്റർ നടത്തുന്നതിനുള്ള തുക മറ്റ് സ്രോതസുകളിൽനിന്നും (ബ്ലോക്ക് - ജില്ല വിഹിതങ്ങൾ....etc ) കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അപ്രകാരം തുക കണ്ടെത്തുന്നതിനും ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

B വാഹന വാടക – ടെണ്ടർ കാലാവധി അവസാനിച്ചിട്ടും പുതിയ ടെണ്ടർ നടപടി കൈക്കൊള്ളാതെ കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കരാർ പുതുക്കി നൽകി

റീ ഹാബിലിറ്റേഷൻ സെൻററിൽ വാടക അടിസ്ഥാനത്തിൽ ഓടിയ്ക്കുന്ന വാഹനത്തിന് ഓഡിറ്റ് വർഷം വാടകയിനത്തിൽ കിലോമീറ്ററിന് 18/- രൂപ നിരക്കിൽ ശ്രീ.വിജയകുമാർ എന്നയാൾക്ക് നൽകിയിട്ടുണ്ട്. ടിയാന്റെ ടെണ്ടർ കാലാവധി 31-8-19 വരെയായിരുന്നു. എന്നാൽ പുതിയ ടെണ്ടർ ക്ഷണിക്കാതെ കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടരാൻ അനുവദിക്കുകയായിരുന്നു. ടെണ്ടർ നടപടി കൈകൊള്ളാതെ ഒരേ വ്യക്തിയ്ക്കു തന്നെ കരാർ പുതുക്കി നൽകുന്നത് ഉചിതമല്ല. ഇക്കാര്യത്തിൽ തിരുത്തൽ നടപടി സ്വീകരിയ്ക്കേണ്ടതാണ്.

## 1-19 എസ്.എൽ.ബി.പി തുകയുടെ വിനിയോഗം ഉറപ്പ് വരുത്തേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നം /പേര് | 123/ പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | 1250000/- |
| ചെലവ് | 1250000/- |
| നിർവഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| ബിൽ നം തുക | 8/2019 625000/- |
| | 10/2019 125000/- |
| | 14/2019 250000/- |
| | 15/2019 250000/- |

ഗ്രാമപഞ്ചായത്ത് മൃഗാശുപത്രിയിൽ നിലവിലുള്ള കന്നുകുട്ടി രജിസ്റ്ററിൽ പേര് ഉൾപ്പെടുത്തി ഗ്രാമസഭയുടെ അംഗീകാരത്തോടെ നാല് മാസം മുതൽ ആറ് മാസം പ്രായമായ കന്നുകുട്ടികൾക്ക് കാലിത്തീറ്റ നൽകുന്നതിനായി ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുക എന്നതാണ് പ്രോജക്ട് ലക്ഷ്യം [സ.ഉ.(എം.എസ്)22/തസ്വഭവ തീയതി 14-02-2018 ഖണ്ഡിക 6.2 ക്രമ നമ്പർ 6]. . പ്രോജക്ട് ഫയലിൽ മേൽ പരാമർശിച്ച തുക എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയതിന്റെ രേഖ മാത്രമാണ് ഉള്ളടക്കം ചെയ്തിട്ടുള്ളത്. 2017-18, 2018-19, 2019-20വർഷങ്ങളിൽ യഥാക്രമം 1250000, 1562000, 1250000 എന്നിങ്ങനെ തുകകൾ സമാനമായ രീതിയൽ എസ്.എൽ.ബി.പി യ്ക്കായി കൈമാറിയിട്ടുണ്ട്. പ്രസ്തുത വർഷങ്ങളിൽ തുക വിനിയോഗിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രത്തിന്റെ വിശദാംശം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 11/19-20 നുള്ള മറുപടിയിൽ വിനിയോഗസാക്ഷ്യപത്രം നിലവിൽ ലഭ്യമാകുന്നില്ലായെന്ന മറുപടി ഹാജരാക്കി.

Thrown Out ആയ ഗുണഭോക്താക്കളുടെ എണ്ണം എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതും വരും വർഷങ്ങളിൽ എസ്.എൽ.ബി.പി പ്രോജക്ട് രൂപീകരണ വേളയിൽ മുൻവർഷങ്ങളിലെ തുകയുടെ വിനിയോഗ വിവരം സംബന്ധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-20 ലൈഫ് ഭവന പദ്ധതി - യഥാസമയം പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

സംസ്ഥാനത്തെ എല്ലാ ഭവനരഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള ഭവനം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം.

ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ, ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ/ വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ; പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. സ.ഉ(എം.എസ്) നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷൻ പാർപ്പിട സുരക്ഷ പദ്ധതി (ജനറൽ, എസ്.സി.പി & ടി.എസ്.പി) പ്രകാരമുള്ള ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ച കരാറിലെ ഖണ്ഡിക 4 പ്രകാരം 6 മാസത്തിനകം ഭവനനിർമ്മാണം പൂർത്തിയാക്കുന്നതാണെന്നും ഖണ്ഡിക 7 പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവൃത്തി പൂർത്തിയാക്കുമെന്നും അല്ലാത്തപക്ഷം കൈപ്പറ്റിയ തുക 12% പലിശ സഹിതം തിരികെ നൽകാൻ ബാധ്യസ്ഥനാണെന്നും സമ്മതിച്ചിട്ടുണ്ട്.

<u>ഗ്രാമപഞ്ചായത്തിലെ വിവിധ ഭവന പദ്ധതികളിൽ പണി പൂർത്തിയാക്കാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.</u>

1.പ്രോജക്ട് നം 74/20

വീട് വാസയോഗ്യമാക്കൽ (എസ്.സി.പി)

അടങ്കൽ 8000000/-

ചെലവ് 5100000/-

ഒരാൾക്ക് 100000/-രൂപ നിരക്കിലാണ് തുക അനുവദിക്കുന്നത്. സബ്സിഡി തുക എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിലാണ് നൽകുന്നത്.

| ക്രമ നം | പേര്, മേൽവിലാസം | ആദ്യ ഗഡു കൈപ്പറ്റിയ ദിവസം | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | മനു, കരിയ്ക്കകം പുത്തൻവീട്, കരിയ്ക്കകം കുന്ന്, ഇളമ്പ. (വാർഡ് 1) | 2.09.2019 | 50000/-രൂപ |
| 2 | സുരേഷ്, ശോഭന ഭവൻ,ഇളമ്പ (വാർഡ് 6) | 1.11.2019 | 50000/-രൂപ |
| 3 | ശശിധരൻ,ശിവാലയ, ഒഴുകുപ്പാറ ഊരുപൊയ്ക . (വാർഡ് 14) | 1.11.2019 | 50000/-രൂപ |
| 4 | മിനിമോൾ,വിലങ്ങറ വീട്,ഊരുപൊയ്ക. (വാർഡ് 20) | 9.01.2020 | 50000/-രൂപ |

| | | | |
|---|---|---|---|
| | | | |
| 5 | പത്മിനി, ഉരുളൻക്കുഴി ,പൊയ്കമുക്ക്. (വാർഡ് 9) | 27.02.2020 | 50000/-രൂപ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 36 നുള്ള മറുപടിയിൽ മേൽ ഗുണഭോക്താക്കൾ കോവിഡിന്റെ സാഹചര്യത്തിൽ പണി പൂർത്തിയാക്കിട്ടില്ലായെന്ന് അറിയിച്ചിരിക്കുന്നു.

2.പ്രോജക്ട് നം 96/20

ലൈഫ് മിഷൻ-ഭവന പദ്ധതി (എസ്.സി.പി)

അടങ്കൽ 4077610/-

ചെലവ് 116000/-

ഒരാൾക്ക് 400000/-രൂപ നിരക്കിലാണ് തുക അനുവദിക്കുന്നത്. പദ്ധതി പൂർത്തിയാക്കുന്ന മുറയ്ക്ക് ഘട്ടംഘട്ടമായി തുക നൽകുന്നു.

| ക്രമ നം | പേര്, മേൽവിലാസം | ആദ്യ ഗഡു കൈപ്പറ്റിയ ദിവസം | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ജനാർദ്ധനൻ.ബി,പാലോട് ചാരുവിള വീട്,ആലിയാട് .(വാർഡ് 13) | 2.11.2018 | 40000/-രൂപ |
| 2 | സതി.എസ്,പുതുവൽ വിള വീട് ചെമ്പൂര്,മുദാക്കൽ (വാർഡ് 11) | 25.10.2018 | 40000/-രൂപ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 37 നുള്ള മറുപടിയിൽ മേൽ ഗുണഭോക്താക്കളിൽ ഓരാളായ ശ്രീ.ജനാർദ്ധനൻ.ബി മരണപ്പെടുകയും ടിയാളുടെ അനന്തരാവകശികൾക്ക് പണി പൂർത്തിയാക്കുന്നതിനുള്ള നിർദേശം നൽകുകയും ചെയ്തിട്ടുണ്ടെന്നു അറിയിച്ചിട്ടുണ്ട്. രണ്ടാമത്തെ വ്യക്തി പണിപൂർത്തിയാക്കുവാൻ തുക അനുവദിക്കണമെന്നു ആവശ്യപ്പെട്ടിരിക്കുന്നു.

ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനോ, പൂർത്തിയാക്കാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 കോഴിയും കൂട്ടം പദ്ധതി- വിതരണ വിവരം ഉൾപ്പെടുത്തിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം/പേര് | 129/കോഴിയും കൂട്ടം പദ്ധതി |
| അടങ്കൽ | 500000/- |

| | |
|---|---|
| ചെലവ് | 500000/- |
| നിർവഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

ഒരു വനിത കർഷകയ്ക്ക് 10 മുട്ടക്കോഴികുഞ്ഞുങ്ങളെ കൂടോടുകൂടി 1000 ഗുണഭോക്താക്കൾക്ക് വിതരണം ചെയുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഒരു കോഴി കുഞ്ഞിനു 100/-രൂപ നിരക്കിൽ 10 കോഴിക്കുഞ്ഞുങ്ങളെയാണ് 1000/- രൂപയ്ക്ക് ലഭിക്കുന്നത്. അതിന്റെ പകുതി തുകയായ 500/- രൂപ ഗുണഭോക്തൃവിഹിതമായി പഞ്ചായത്തിൽ അടവാക്കണം.

കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയിരിക്കുന്നത് ആദി എഗ്ഗർ നഴ്സറിയെന്ന സ്ഥാപനത്തിൽ നിന്നാണ്. എന്നാൽ എത്ര കോഴികുഞ്ഞുങ്ങളെയും കോഴിക്കൂടുമാണ് സ്ഥാപനം നൽകിയതു സംബന്ധിച്ച് യാതൊരു രേഖയുമില്ല. പൂരിപ്പിക്കാത്ത ഇൻവോയ്സ് ഫോം, രസീത് എന്നിവ മാത്രമാണ് ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 12/19-20 നു മറുപടി ലഭ്യമാക്കിയിട്ടില്ല.

നിർവഹണോദ്യോഗസ്ഥ ഹാജരാക്കിയ "കോഴിക്കൂട് നിർമ്മിച്ചവർ' എന്ന രജിസ്റ്ററിൽ 896 വ്യക്തികൾ കൂട് നിർമ്മിച്ചയായി രേഖപ്പെടുത്തിയിട്ടുണ്ട്. 1000 പേർക്ക് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യതിനുള്ള തുകയായ 500000/-രൂപ ചെലവഴിച്ചിട്ടുമുണ്ട്. ഗുണഭോക്തൃവിഹിതമായ 500000/-രൂപ പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്.

വിതരണം സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തി ഫയൽ സൂക്ഷിക്കേണ്ടതും ചെലവഴിച്ച തുകയുടെ മുഴുവൻ വിശദാംശങ്ങളും വൗച്ചറുകളും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-22 എ.ബി.സി പ്രോഗ്രാം -അപാകതകൾ - 4,20,000/- രൂപ തടസ്സപ്പെടുത്തുന്നു.

വെറ്ററിനറി സർജൻ നടപ്പിലാക്കിയ എ.ബി.സി പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. എ.ബി.സി പദ്ധതിയ്ക്കായി വികസന ഫണ്ടിൽ നിന്നും 420000/- രൂപ കുടുംബശ്രീയ്ക്ക് നൽകിയിരിക്കുന്നു. (ബിൽ നം 1/19-20 തീയതി 05.06.2019).എന്നാൽ ഫയലിൽ കുടുംബശ്രീയ്ക്ക് നൽകിയ പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 10/19-20 നു മറുപടി ലഭ്യമാക്കിയിട്ടില്ല.

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആയതിന്റെ അഭാവത്തിൽ 4,20,000/- രൂപ തടസ്സപ്പെടുത്തുന്നു.

2.പഞ്ചായത്തിലെ 2020-21ലെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 443 നായ്ക്കളെ വന്ധ്യംകരണം നടത്തിയെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 2019-20 ൽ നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം 200 നായ്ക്കളെയാണ് വന്ധ്യംകരണം ചെയ്തിരിക്കുന്നത്. (സ്രോതസ്: മൃഗാശുപത്രി,ഗ്രാമപഞ്ചായത്ത്).ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 10/19-20 നു മറുപടി ലഭ്യമാക്കിയിട്ടില്ല. ശസ്ത്രക്രിയ നടത്തിയ വെറ്റിനറി സർജന്റെ സാക്ഷ്യപത്രം, നായ്ക്കളെ പിടിച്ചതിന്റെയും വന്ധ്യംകരണത്തിന്റെയും, നൽകിയ മരുന്നുകൾ, ആഹാരം എന്നിവയുടെയെല്ലാം വിശദാംശങ്ങളും അനുബന്ധരേഖകളും ഹാജരാക്കേണ്ടതാണ്.

## 1-23 ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻസംയുക്ത പരിശോധന നടത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പ്രതിമാസം 13625/-രൂപ വെള്ളക്കരമായി KWA യ്ക്ക് നല്കിവരുന്നു. ആകെ 310 ടാപ്പുകൾക്കാണ് പ്രസ്തുത തുക നല്കി വരുന്നത്. ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ KWA യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല എന്ന്, ഓഡിറ്റ് എൻക്വയറി നം.22ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ KWA-യുമായി ചേർന്ന് സംയുക്ത പരിശോധന നടത്താൻ 24/6/19ൽ പഞ്ചായത്തു കമ്മിറ്റി തീരുമാനമെടുത്തുവെങ്കിലും, ആയതു നടപ്പിലായിട്ടില്ല. സർക്കാർ ഉത്തരവു നം.2242/11/എൽ.എസ്.ജി.ഡി. തീയതി 28.09.2011-ൽ നിഷ്കർഷിക്കുന്ന പ്രകാരം സംയുക്ത പരിശോധന നടത്തേണ്ടതാണ്

## 1-24 KWA, KSEB നിർവ്വഹിച്ച പദ്ധതികൾ-അപാകങ്ങൾ.

KSEB, KWA എന്നിവ നിർവ്വഹിച്ച പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെപറയുന്ന അപാകങ്ങൾ കണ്ടു.

(ഓഡിറ്റ് എൻക്വയറി-നം20)

| ക്രമ നം. | പ്രോജക്ട് നം./പേര് | തുക(രൂ) | ബിൽ നം, തീയതി | റിമാർക്സ് |
|---|---|---|---|---|
| 1, KSEB | 149-ഇലക്ട്രിക്കൽ ലൈൻ നീട്ടൽ | 89090 | 170/23-10-19 | പൂർത്തീകരണസാക്ഷ്യപത്രം, വിനിയോഗസാക്ഷ്യപത്രം എന്നിവ ഇല്ല. |
| 2, KSEB | 149- ഇലക്ട്രിക്കൽ ലൈൻ നീട്ടൽ | 633660 | 3/05-04-19 | പൂർത്തീകരണസാക്ഷ്യപത്രം, വിനിയോഗസാക്ഷ്യപത്രം എന്നിവ ഇല്ല. |
| 3, KSEB | 149- ഇലക്ട്രിക്കൽ ലൈൻ നീട്ടൽ | 57230 | 39/21-01-2020 | പൂർത്തീകരണസാക്ഷ്യപത്രം, വിനിയോഗസാക്ഷ്യ പത്രം എന്നിവ ഇല്ല. |
| 4 | 255/20, ഇലക്ട്രിക്കൽ ലൈൻ നീട്ടൽ | 71130 | 25/9-10-19 | പൂർത്തീകരണസാക്ഷ്യപത്രം,വിനിയോഗസാക്ഷ്യ പത്രം എന്നിവ ഇല്ല |
| 4, KESB | 149, ഇലക്ട്രിക്കൽ ലൈൻ നീട്ടൽ | 48532 | 33/19-12-19 | പൂർത്തീകരണസാക്ഷ്യപത്രം,വിനിയോഗസാക്ഷ്യ പത്രം എന്നിവ ഇല്ല |
| 5, KSEB | 81, ഇലക്ട്രിക്കൽ ലൈൻ നീട്ടൽ | 117671 | 34/19-12-19 | പൂർത്തീകരണസാക്ഷ്യപത്രം,വിനിയോഗസാക്ഷ്യ പത്രം എന്നിവ ഇല്ല |
| 6, KSEB | 81, ഇലക്ട്രിക്കൽ ലൈൻ നീട്ടല് | 138278 | 32/22-1-21 | പൂർത്തീകരണസാക്ഷ്യപത്രം,വിനിയോഗസാക്ഷ്യ പത്രം എന്നിവ ഇല്ല |
| 7, | പൈപ്പ് ലൈൻ നീട്ടല് | 200000 | 48/11-7-19 | പൂർത്തീകരണസാക്ഷ്യപത്രം,വിനിയോഗസാക്ഷ്യ പത്രം എന്നിവ ഇല്ല.എഗ്രിമെന്റിൽ നിർദ്ദിഷ്ട പൂർത്തീകരണ തീയതി ചേർത്തിട്ടില്ല. |
| 8 | അംഗൻവാടികൾക്ക് പൈപ്പ് ലൈൻ കണക്ഷൻ | 10000+ 10600 | 21900073/8-5-19 | പൂർത്തീകരണസാക്ഷ്യപത്രം,വിനിയോഗസാക്ഷ്യ പത്രം എന്നിവ ഇല്ല |

ടി രേഖകൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

20.01.2018-നെ സ.ഉ(കൈ)നം.11/2018/തസ്വഭവ നമ്പർ ഉത്തരവിലെ ഖ.11.3(ഡി)(4) പ്രകാരം ഡെപ്പോസിറ്റ് വർക്കുകളുടെ നിർമ്മാണ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് അവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും സെക്രട്ടറി ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

## 1-25 പഞ്ചായത്തിനു ദാനം കിട്ടിയ ഭൂമി അസറ്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ആറാം വാർഡിൽ ലക്ഷ്മിക്കുട്ടിയമ്മ എന്ന വ്യക്തി താമസിച്ചിരുന്ന വീടും ഭൂമിയും, പഞ്ചായത്തിന്റെ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി നല്കിയതാണ്. ടിയാൾക്ക് അനന്തരാവകാശികൾ

ഇല്ലാഞ്ഞതിനാൽ, ടിയാളുടെ മരണാനന്തരം, ടി വസ്തുവിന്റെ അവകാശം ഗ്രാമപഞ്ചായത്തിന് തന്നെ ലഭിക്കുന്ന രീതിയിലാണ് പ്രമാണം ചെയ്തിരുന്നത്. തൻവർഷം ടിയാൾ മരണമടഞ്ഞതിനാൽ ടി വസ്തു പഞ്ചായത്ത് ഏറ്റെടുത്ത് കെട്ടിടം പകൽവീട് ആക്കി മാറ്റാൻ ജനറൽ കമ്മിറ്റി 26/10/19ലെ 12-1ാം നം തീരുമാന പ്രകാരം തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ആയതിന്മേൽ തുടർ നടപടി ഒന്നും സ്വീകരിച്ചിട്ടില്ല. വസ്തുവിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിന്റെ പേരിലേക്ക് മാറ്റിയ ശേഷം, പകൽവീട് ആക്കിമാറ്റുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നം.21ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 വാഹനപരിപാലനം-അപാകങ്ങൾ

പഞ്ചായത്തു വക, KL-16-G-6563 Mahindra Scorpio വാഹനത്തിന്റെ ലോഗ്ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

1.വാഹനത്തിന് ഏറ്റവും ഒടുവിൽ Fuel Consumption Test നടത്തിയത്, 12/6/19 നാണ്. ടി സർട്ടിഫിക്കറ്റിന്റെ കാലാവധി, 11/6/20 ന് അവസാനിച്ചുവെങ്കിലും, വീണ്ടും ടെസ്റ്റ് നടത്തിയിട്ടില്ല.

2.വാഹനത്തിന് ഇന്ധന രജിസ്റ്റർ പരിപാലിക്കുന്നില്ല.

3.വാഹനം പ്രതിദിനം ആകെ ഓടിയ ദൂരം പ്രതിദിനം രേഖപ്പെടുത്തിയില്ല. ദിവസത്തിന്റെ തുടക്കത്തിലും ഒടുവിലുമുള്ള കിലൊമീറ്റർ റീഡിംഗ് മാത്രമേ എഴുതിയിട്ടുള്ളൂ. പ്രതിദിനം ഓടിയ ദൂരം കണക്കാക്കാതെ, ഇന്ധന ഉപഭോഗം എങ്ങനെ നിരീക്ഷിച്ചു എന്ന് വ്യക്തമല്ല.

4.മിക്ക യാത്രകൾക്കും, വാഹനം ഉപയോഗിച്ച ഉദ്യോഗസ്ഥന്റെയോ കസ്റ്റോഡിയൻ ഓഫീസറുടെയോ സാക്ഷ്യപ്പെടുത്തൽ ഇല്ല.

5.വാഹനത്തിന്റെ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ്, പുക മലിനീകരണ സർട്ടിഫിക്കറ്റ് എന്നിവ ഓഡിറ്റ് എൻക്വറി നം-20 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയില്ല,

ടി അപാകങ്ങൾ പരിഹരിച്ച് ലോഗ്ബുക്കിൽ പൂർണമായി രേഖപ്പെടുത്തലുകൾ വരുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-27 ഘടകസ്ഥാപനങ്ങൾക്ക് ISO സർട്ടിഫിക്കേഷൻ പുതുക്കൽ -പദ്ധതി നടത്തിപ്പ് ഏക പക്ഷീയം.

പ്രോജക്ട് – ഘടക സ്ഥാപനങ്ങൾക്ക് ISO സർട്ടിഫിക്കേഷൻ
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
അടങ്കൽ തുക – 379000/-
ചെലവ് തുക – 289440/-
ഫണ്ടിനം – പൊതുവിഭാഗം – സാധാരണ വിഹിതം

പ്രോജക്ട് നം.SO154/19-20 ൽ ഉൾപ്പെടുത്തി, എട്ട് ഘടകസ്ഥാപനങ്ങൾക്ക് ISO സർട്ടിഫിക്കേഷൻ പുതുക്കലിന് വേണ്ട മാർഗ്ഗനിർദ്ദേശംലഭ്യമാക്കാൻ 289440ചെലവഴിച്ചിട്ടുണ്ട്. (ബിൽ നം-11/17-7-19). ടി പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ താഴെപറയുന്ന അപാകങ്ങൾ കണ്ടു. സേവനദാതാക്കളെ മുൻവർഷം ടെണ്ടറിലൂടെ തെരഞ്ഞെടുത്തിട്ടുണ്ട്.

1. കൺസൽട്ടൻസി സേവനത്തിനായി 22/10/18 ൽ, ഗ്രാമപഞ്ചായത്തും, സേവനദാതാക്കളായ TFM Solutions എന്ന സ്ഥാപനവും ഒപ്പുവച്ച എഗ്രിമെന്റിൽ 89440/- രൂപ ഫീസ് നിശ്ചയിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സർട്ടിഫിക്കേഷൻ സേവനത്തിനായി, 200000/- രൂപ നല്കിയിട്ടുണ്ടെങ്കിലും, ഇതു സംബന്ധിച്ച് സെക്രട്ടറിയും സേവനദാതാക്കളായ TQ Services എന്ന സ്ഥാപനവും ഒപ്പുവച്ച എഗ്രിമെന്റിൽ, ഒപ്പുവച്ച തീയതിയോ, ഫീസിന്റെ കാര്യമോ ചേർത്തിട്ടില്ല.

2. TQ Services എന്ന സ്ഥാപനവുമായി ഒപ്പുവച്ച ടി കരാർ വ്യവസ്ഥകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും,ജനറൽ കമ്മിറ്റിയും,ചർച്ചചെയ്ത്, സേവന വ്യവസ്ഥകളിൽ വ്യക്തത വരുത്തിയിട്ടില്ല. കമ്പനി ലഭ്യമാക്കിയ കരട് കരാർ അതേപടി അംഗീകരിച്ചത് സുതാര്യതയില്ലായ്മക്ക് കാരണമാകുന്നു.അംഗീകരിച്ച ക്വട്ടേഷനുകൾ നേരത്തെ കമ്മിറ്റി ചർച്ച ചെയ്തതിനാൽ കരട് കരാർ ചർച്ച ചെയതില്ല എന്ന സെക്രട്ടറിയുടെ മറുപടി പഞ്ചായത്തിന്റെ ഉത്തമ താല്പര്യങ്ങൾക്ക്

നിരക്കുന്നതല്ല..ഉദാഹരണത്തിന്, എല്ലാ സ്ഥാപനങ്ങളുടെയും ക്വട്ടേഷനിൽ Accreditation Charges എന്ന പേരിൽ 5900/- രൂപ ക്ലെയിം ചെയ്തിട്ടുണ്ടെങ്കിലും, Accreditation Charge ഈടാക്കിയതിന് ഏതു സേവനമാണ് ലഭിച്ചതെന്ന് വ്യക്തമാക്കിയിട്ടില്ല.

3. ഘടകസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പടുത്താൻ ചെയ്ത പ്രവൃത്തികളെപ്പറ്റി, കമ്പനി നല്കിയ ബില്ലിൽ വിശദമായി പറയുന്നുണ്ടെങ്കിലും, ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ആയതു സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഉദാഹരണത്തിന് കൃഷിഭവന്റെ പ്രവർത്തനം മെച്ചപ്പെടുത്താനായി കമ്പനി വേണ്ട മാർഗ്ഗനിർദ്ദേശം നല്കിയെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി സേവനങ്ങൾ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4.ടി പദ്ധതി നടത്തിപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ഇല്ല. മേല്പറഞ്ഞ അപാകങ്ങൾക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി നം.15 ന് നൽകിയ മറുപടിയിൽ മേൽ അപാകങ്ങൾക്ക് സ്വീകാര്യമായ വിശദീകരണം നൽകിയിട്ടില്ല എന്നത് തന്നെ, ടി പദ്ധതിയുടെ നടത്തിപ്പ് ഏക പക്ഷീയവും സുതാര്യത ഇല്ലാത്തതുമാണ് എന്ന ഓഡിറ്റിന്റെ അഭിപ്രായത്തെ ബലപ്പെടുത്തുന്നു.

### 1-28 ജനന,മരണ,വിവാഹരജിസ്റ്ററുകൾ പരിപാലിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് 2019-20 വർഷം The Registration Birth And Death Rules-1999, റൂൾ 12 ൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമുള്ള Birth Register(Form-7),Death Register(Form-7), എന്നിവയും, Registration Of Marriages (Common) Rules, റൂൾ 8 പ്രകാരമുള്ള Marriage Register എന്നിവയും പരിപാലിച്ചിട്ടില്ല. ആയതു ഗുരുതരമായ വീഴ്ചയാണ്. ജനന, മരണ, വിവാഹ രജിസ്ട്രേഷനുള്ള അപേക്ഷകളും, തുടർനടപടി ഫയലുകളും മാത്രമാണ് ഓഡിറ്റിനു ലഭ്യമാക്കിയത്. ടി ഫയലുകൾ അതതു വർഷം പൂർത്തിയാകുമ്പോൾ ബൈന്റ് ചെയ്ത് രജിസ്റ്ററാക്കി സൂക്ഷിക്കുകയാണ് പതിവെന്നും, തൻവർഷം കോവിഡ് സാഹചര്യം മൂലം അപ്രകാരം ചെയ്യാൻകഴിയാത്തതാണെന്നും ഓഡിറ്റ് എൻക്വയറി നം-49ന് മറുപടി കിട്ടി. നിയമപരമായി അതീവപ്രാധാന്യമുള്ളതും, ദീർഘകാലം സൂക്ഷിച്ച വയ്ക്കേണ്ടതുമായ ടി രജിസ്റ്ററുകൾ കാലികമാക്കി പരിപാലിക്കേണ്ടതാണ്.

### 1-29 കിലയിൽ നിന്ന് തുക തിരികെ ലഭ്യമാക്കേണ്ടതാണ്.

ചെക്ക് നം437099, തീയതി7-919 പ്രകാരം, പെൻസിൽ ക്യാമ്പ് പ്രോഗ്രാമിനായി 10000/- രൂ ചെലവഴിച്ചു. ടി തുക തനതു ഫണ്ടിൽ നിന്ന് കുടുംബശ്രീക്ക് പെൻസിൽ പ്രോഗ്രാമിനായി നൽകി. കിലയുടെ, കില/2019/101/22 ഉത്തരവു പ്രകാരം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറയ്ക്ക്, കിലയിൽ നിന്ന് ടി തുക ലഭ്യമാകുന്നതാണ്. ടി തുക കിലയിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | പ്രോജക്ട് | സുലേഖ എക്സ്പെൻഡിച്ചർ | സുലേഖ |
|---|---|---|---|

| സ്ഥാപനം | | സ്റ്റേറ്റുമെന്റ് പ്രകാരമുള്ള അടങ്കൽ | പ്രകാരം ഉള്ള ചെലവ് |
|---|---|---|---|
| ബ്ലോക്ക് | സമഗ്ര നെൽകൃഷി വികസനം(ഒന്നാം വിള | 127500 | 102000 |
| | ജലശ്രീ കിണർ റീചാർജ്ജിംഗ് | 72000 | 0 |
| | ലൈഫ് മിഷൻഭവനപദ്ധതി(ജനറൽ) | 2403795 | 1700000 |
| | ലൈഫ് മിഷൻ ഭവനപദ്ധതി (എസ്.സി.പി) | 1112034 | 0 |
| | ലൈഫ് മിഷൻ ഭവനപദ്ധതി (എസ്.സി.പി) | 336000 | 0 |
| | ഊരുപൊയ്ക ലക്ഷം വീട് കോളനി സമഗ്രവികസനം | 1351880 | 0 |
| | സ്നേഹസ്പർശം | 463125 | 375875 |
| | പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിനു വേണ്ടിയുള്ള മെഷീൻ വാങ്ങൽ | 348400 | 0 |
| | ക്ഷീരസമൃദ്ധി (പാലിന് സബ്സിഡി) | 250000 | 200000 |
| | ക്ഷീരസമൃദ്ധി (പാലിന് സബ്സിഡി) വനിത | 217120 | 100000 |
| ജില്ലാപഞ്ചായത്ത് | സമഗ്ര നെൽകൃഷി വികസനം (ഒന്നാം വിള | 127500 | 102000 |
| | ജലശ്രീ കിണർ റീചാർജ്ജിംഗ് | 108000 | 0 |
| | ഹരിതഭവനം | 70000 | 0 |
| | ലൈഫ് മിഷൻഭവനപദ്ധതി (ജനറൽ) | 591075 | 0 |
| | ലൈഫ് മിഷൻ ഭവനപദ്ധതി (എസ്.സി.പി) | 919151 | 0 |
| | ലൈഫ് മിഷൻ ഭവനപദ്ധതി (എസ്.സി.പി) | 576250 | 0 |
| | ഊരുപൊയ്ക ലക്ഷം വീട് കോളനി സമഗ്രവികസനം | 2703760 | 0 |
| | സ്നേഹസ്പർശം | 463125 | 37875 |
| | ക്ഷീരസമൃദ്ധി (പാലിന് സബ്സിഡി) | 50000 | 50000 |
| | ക്ഷീരസമൃദ്ധി (പാലിന് സബ്സിഡി) വനിത | 75000 | 75000 |
| | ബാലസൗഹൃദജില്ല. ശിശുസൗഹൃദ പഞ്ചായത്ത് പ്രവർത്തനങ്ങൾ | 50000 | 0 |
| | പാഥേയം | 535680 | 0 |

എ.എഫ്.എസ് പ്രകാരം

| സ്ഥാപനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2056424 | 5387633 | 7444057 | 2477875 | 4966182 |
| ജില്ലാപഞ്ചായത്ത് | 1392521 | 602875 | 1995396 | 602875 | 1392521 |

സുലേഖ പ്രകാരമുള്ള വരവ് ചെലവ് തുകകളും എ.എഫ്.എസ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. അവ പൊരുത്തപ്പെടുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | വിനിയോഗസാക്ഷ്യപത്രം ലഭ്യമായവ |
|---|---|---|---|
| കെ.എസ്.ഇ.ബി. | ഇലക്ട്രിക്കൽ ലൈൻ നീട്ടൽ(പ്രോജക്ട് നം. 149) | 899642 | 0 |
| | ഇലക്ട്രിക്കൽ ലൈൻ നീട്ടൽ(പ്രോജക്ട് | 255949 | 0 |

| | | | |
|---|---|---|---|
| | നം. 81) | | |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ | 200000 | 0 |
| | അംഗൻവാടികൾക്ക് പൈപ്പ് ലൈൻ കണക്ഷൻ | 20600 | 0 |

| | 18-19 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 19-20 വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | നീക്കിയിരിപ്പ് | 19-20 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 1907278 | 1084461 | 2991739 | 1084461 | 2991739 | 2991739 |
| കേരള വാട്ടർ അതോറിറ്റി | 4970663 | 200000 | 5170663 | 200000 | 5170663 | 5170663 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | 130558 | 0 | 130558 | 0 | 130558 | 130558 |

ലഭ്യമാക്കിയ ചെലവു രേഖകൾ പ്രകാരം നിക്ഷേപ പ്രവൃത്തികൾക്കായി വിനിയോഗിച്ച തുകയുടെ വിവരവും എ.എഫ്.എസ് പ്രകാരമുള്ള ചെലവ്, നീക്കിയിരിപ്പ് വിശദാംശവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. അവ തമ്മിൽ പൊരുത്തപ്പെടുത്തി റിപ്പോർട്ട് ചെയ്യേണ്ടതും വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവനപദ്ധതി | 215/10/ തസ്വഭവ തീയതി 27.01.2010 | 27604500 | 195847 | 195847 | _ | മുതൽ പൂർണമായും അടവാക്കി |

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | വരവ് | ആകെ | തിരിച്ചടച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്)68/18 തീയതി 15.05.2018 | 19109719 | 0* | 19109719 | 1544118 | 17565601 |

*സ്ഥാപനം ലോൺ രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ആയതിനാൽ ഹഡ്കോ വായ്പായിനത്തിൽ ഈ വർഷം വരവുണ്ടോയെന്ന് പരിശോധിക്കാനായിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 5 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികയുടെ വിവരം

ഇല്ല.

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 80363089 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 71009172 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 664320 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 2,44,320 | മാത്യൂസ് കോശി , കൃഷി ഓഫീസർ |
| 1-22 | 4,20,000 | ഡോ.ഡാലിയ എം.ജി, ഡാലിയ, സന്തോഷം ഗാർഡൻസ്, തോന്നയ്ക്കൽ പി.ഒ, തിരുവനന്തപുരം |
| ആകെ | 6,64,320 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മാത്യൂസ് കോശി, കൃഷി ഓഫീസർ | കൃഷി ഓഫീസർ മുദാക്കൽ ഗ്രാമ പഞ്ചായത്ത് | |
| ഡോ.ഡാലിയ എം.ജി | വെറ്റിനറി സർജൻ | ഡോ.ഡാലിയ എം.ജി, ഡാലിയ, സന്തോഷം ഗാർഡൻസ്, തോന്നയ്ക്കൽ പി.ഒ, തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെകത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം , ഖണ്ഡിക നമ്പർ | റിമാർക്ക്സ് |
|---|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2008/ തീയതി 8.06.2018 | 3, ഖ.31(1), 31(2), 32 | |
| 2003-04 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2008/ തീയതി 8.06.2018 | 1 | |
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2018/ | 2, ഖ.3-4, 3-10 | |

| | | | |
|---|---|---|---|
| | തീയതി 8.06.2018 | | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2018/ തീയതി 8.06.2018 | 3, ഖ.3-6, 3-9(2), 3-11(2) | |
| 2008-09 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2018/ തീയതി 8.06.2018 | 6 | |
| 2009-10 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2008/ തീയതി 8.06.2018 | 5 | |
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2008/ തീയതി 8.06.2018 | 4, ഖ.3-4, 3-6(എ), 3-6(ബി), 3-8 | |
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2008/ തീയതി 8.06.2018 | 6 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2008/ തീയതി 8.06.2018 | 6, ഖ.3-2, 3.5, 3.7, 3.8, 3-10, 3.11 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2008/ തീയതി 8.06.2018 | 6 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി8/876/2008/ തീയതി 8.06.2018 | 2 | |
| 2015-16 | കെ. എസ് .എ .റ്റി. വി. എം.ജി .പി8 /876/18 തീയതി 10/05/2018 | 6, ഖ.2.1, 2.2, 2.4, 3.5, 3.10, 3.11 | |
| 2016-17 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.8/2379/17 തീയതി 17/01/2018 | 13 | |
| 2017-18 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.8/315/19 തീയതി 03/04/2019 | 18 | |
| 2018-19 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1158/2019 തീയതി 17.8.2019 | 43 | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ),
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്